...ഒ-പി- തോമസ്സ്

52
3,6
Digitized by Kerala Sahitya Akademi

# ദുരവസ്ഥ

## എൻ. കുമാരൻ ആശാൻ

B. S. P.
THONNAKKAL

പകർപ്പവകാശം
ശാരദാ ബുക്ക് ഡിപ്പോ
തോന്നയ്ക്കൽ

വില 75 ന. പൈ.

Digitized By Kerala Sahitya Akademi

പതിനേഴാംപതിപ്പ്

**കോപ്പി 3000**

1958 ജനവരി

കവർ ഡിസൈൻ:-

**കെ. സോമസുന്ദരം**

എറണാകുളം

അച്ചടി:-

**സഹോദരൻ പ്രസ്സ്**

എറണാകുളം

ഉടമസ്ഥരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു

Digitized By Kerala Sahitya Akademi

# മുഖവുര

തെക്കേ മലയാംജില്ലയിൽ 1097-ചിങ്ങത്തിൽ ആരംഭിച്ച മാപ്പിളലഹള കേരളചരിത്രത്തിൽ രക്തരൂഷിതമായ ഒരു അദ്ധ്യായത്തെ രചിച്ചിരിക്കയാണല്ലോ. കല്പനാശക്തിയെ തോല്പിക്കുന്ന ഭയങ്കരങ്ങളും പൈശാചികങ്ങളുമായ സംഭവങ്ങളെക്കൊണ്ടു കേരളത്തെ മാത്രമല്ല ഇന്ത്യയെ മുഴുവൻ ഒരുപ്രകാരത്തിൽ അല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ ഇളക്കിമറിച്ചിരുന്ന ആ കൊടുങ്കാററ് ഭാഗ്യവശാൽ ഇപ്പോൾ മിക്കവാറും ശമിച്ചു കഴിഞ്ഞിരിക്കുന്നു. ആപത്തിനേക്കാൾ വലിയ അദ്ധ്യാപകനില്ലെന്നുള്ളതു ചരിത്രവും മതവും ഒന്നുപോലെ സമ്മതിക്കുന്ന വസ്തുതയാകുന്നു. ലഹളയുടെ വായിൽ നിന്നു്, അതിൻെറ നാവിൻെറ പരുപരുപ്പും വീരപ്പല്ലിൻെറ മൂർച്ചയും നല്ലവണ്ണം അറിഞ്ഞു് ഇപ്പോൾ വിശകലിതമായി വെളിയിൽ വമിക്കപ്പെട്ടിരിക്കുന്ന ഹിന്ദുസമുദായം, പുരാതനമായ ഒരു നാഗരികതയുടെ പ്രാതിനിധ്യംവഹിക്കുന്ന ഒന്നാണെന്നുള്ളതു ശരിതന്നെ. എന്നാൽ നവീനാദർശം അനുസരിച്ചു് നോക്കിയാൽ ഈ സമുദായം ഇന്നും ശൈശവാസ്ഥയിൽ ഇരിക്കയാണെന്നുള്ളതും സമ്മതിച്ചേ തീരൂ. ശൈശവത്തിൽ പഠിക്കുന്ന പാഠങ്ങൾ വേഗം മറന്നുപോകും എന്നുള്ള ഒരു ദോഷമുണ്ടു്. എന്നാൽ ഉരുക്കഴിച്ചു പഠിച്ചാൽ ആജീവനാന്തം ഓർമ്മനില്ക്കുമെന്നുള്ള ഒരു ഗുണവുമുണ്ടു്. ഈ മഹാവിപത്തിൻേറയും, ഇതു പഠിപ്പിച്ച പാഠ

Digitized By Kerala Sahitya Akademi

ങ്ങളിൽ ചിലതിൻേറയും ഓർമ്മയെ സമുദായത്തിൻെറ പുനഃസംഘടനയ്ക്കു പ്രേരകമാകത്തക്കവണ്ണം നിലനിൎത്തണം എന്നുള്ളതാണ് 'ദുരവസ്ഥ' എന്ന പേരിൽ അടിയിൽ കാണുന്ന പാട്ടിൻെറ വിനീതമായ ഉദ്ദേശം.

എന്നാൽ ലഘുളയുടെ അപൂൎണ്ണവും അസ്പഷ്ടവുമായ ഛായയും, പാഠങ്ങളിൽ ചിലതിൻെറ മന്ദമായ പ്രതിദ്ധ്വനിയും മാത്രമേ ഇതിൽനിന്നു ഗ്രഹിപ്പാൻ കഴിയൂ. പ്രകൃതത്തിൽ അധികമായ ജിജ്ഞാസ ജനിപ്പിക്കുന്നതിനും, ഇത്തരമൊരു കൃതിയിലെ സാഹിത്യസംബന്ധമായ ആവശ്യകത നിറവേററുന്നതിനും അതു പൎയ്യാപ്തമാകുമെന്നു വിശ്വസിക്കുന്നു.

'ദുരവസ്ഥ' എൻെറ മററു കൃതികളെ അപേക്ഷിച്ച് വിലക്ഷണരീതിയിൽ ഉള്ള ഒരു കാവ്യമാണ്. വൎത്തമാനകാലത്തും വായനക്കാരുടെ മുമ്പിലും നടക്കുന്ന സംഭവങ്ങളെ ആധാരമാക്കിയെന്നുമാത്രമല്ല, അവയെ കഴിയുന്നത്ര തന്മയത്വത്തോടുകൂടി വർണ്ണിപ്പാൻ ആശിച്ചുകൊണ്ടും രചിക്കപ്പെടുന്ന കഥാരൂപമായ കവിതകളിൽ സാരസ്യംവരുത്താൻ പ്രയാസമാണെന്ന് പറയേണ്ടതില്ലല്ലോ. ഭൂതകാലവും പരോക്ഷതയും ആണ് കവിതാചിത്രനിൎമ്മാണത്തിനു പററിയതായി പണ്ടുപണ്ടേ അറിയപ്പെട്ടുന്നതും സ്പൃഹണീയവുമായ ഭിത്തികൾ. രേഖയുടേയോ വൎണ്ണത്തിൻേറയോ പല ന്യൂനതകളും അവ മറച്ചുകളയും; ഗുണങ്ങളെ ഉജ്ജ്വലമാക്കുകയും ചെയ്യും. ആ സൌകൎയ്യങ്ങളെ കൈവെടി

Digitized By Kerala Sahitya Akademi

ടിഞ്ഞുള്ള ഒരു സംരംഭമാണിതു്. ക്രൂടാതെയും സമുദായ പരിഷ്കരണവിഷയത്തിൽ പ്രബലമായ അഭിപ്രായവ്യത്യാസമുള്ള സംഗതികളെ ലാക്കാക്കിയുമാകുന്നു ഈ കൃതി പുറപ്പെടുന്നതു്. ഇതിലെ 'നായികാനായകന്മാരുടെ ഘടനതന്നെ ഗത്യന്തരമില്ലാത്ത പതനത്തിൽ സംഭവിക്കുന്നതാണെങ്കിലും പൂർവ്വാചാരനിരതമായ മനസ്സിൽ അരുചിയും അനൌചിത്യബുദ്ധിയും ജനിപ്പിക്കാമെന്നുള്ളതാകുന്നു./ ഇതിനുംപുറമെ പ്രബന്ധത്തിൻെറ കീർത്തിക്കും പ്രതിഷ്ഠയ്ക്കും നിയമകനായി വിചാരിക്കപ്പെടുന്ന നായകൻെറ കലീനത്വാദിഗുണങ്ങളുടെ അഭാവത്തേയും, താദൃശനായകൻെറ വിഷയത്തിൽ കലീനയായ നായികയുടെ രതിക്കുള്ള രസാഭാസത്വശങ്കയേയും മററും ആസ്പദമാക്കി ഈ പുതിയ സംരംഭത്തിൽ ശാസ്ത്രീയമായ ആക്ഷേപങ്ങൾ പറവാൻ പുറപ്പെടുന്ന പണ്ഡിതന്മാരും ഉണ്ടായേക്കാം. ശക്തിമത്തായ ഈ പ്രതികൂലാവസ്ഥകൾക്കെല്ലാം എതിരായി അക്ഷുണ്ണമായ മാർഗ്ഗത്തിലൂടെയുള്ള ഈ ഗതി വിജയപര്യവസായി ആകുമോ എന്നു ഞാൻതന്നെ സംശയിക്കാതിരിക്കുന്നില്ല. എങ്കിലും ഉൽകൃഷ്ടമായ ഒരു ധർമ്മാദർശത്തെ പുരസ്കരിച്ചുള്ള കൃത്യബോധത്താൽ പ്രേരിതനായി ഈ സാഹസത്തിനു് ഒരുമ്പെട്ടതാകുന്നു. ശക്തിയേറിയ ഒഴുക്കിൽ മുന്നോട്ടുനീന്താനുള്ള ഈ ശ്രമത്തെ സഹൃദയരായ വായനക്കാർ അനുകമ്പാപൂർവ്വം നിരീക്ഷിക്കുമെന്നും, ഇതിലെ തോൽവിതന്നെയും ഒരുവക വിജയമായി ഗണിക്കുമെന്നും ആശിച്ചുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

ചെറുശ്ശേരിമട്ടിൽ 1700 ശീലുകൾ ഉള്ള ഈ കൃതി ആരംഭിച്ചതു് 1097 ഇടവം 12-ാംതീയതിയാണു്. 98 ചിങ്ങം 14-ാംതീയതിയാണു് എഴുതിത്തീർത്തതു്. സാഹിത്യസംബന്ധമായ വലിയ ഉൽക്കർഷമൊന്നുമില്ലെങ്കിലും ഇതു് അർഹിക്കുന്ന സ്ഥാനത്തിൽ സഹൃദയലോകം ഇതിനേയും സന്തോഷപൂർവ്വം സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി പുറത്തയച്ചുകൊള്ളുന്നു.

തോന്നയ്ക്കൽ,
22—1—1098.

ഗ്രന്ഥകർത്താ.

Digitized By Kerala Sahitya Akademi

# ദുരവസ്ഥ

## (പാട്ട്)

മുമ്പോട്ടു കാലം കടന്നുപോയീടാതെ
മുമ്പേ സ്മൃതികളാൽ കോട്ടകെട്ടി
വമ്പാർന്നനാചാര * മണ്ഡലസ്തുത്യരായ്
നമ്പൂരാർ വാണരുളുന്ന നാട്ടിൽ,
കേരളജില്ലയിൽ കേദാരവും കാടു-
മൂടും മലകളുമാർന്നദിക്കിൽ,
ക്രൂരമുഹമ്മദർ ചിന്തുന്ന ഹൈന്ദവ-
ച്ചോരയാൽ ചോന്നെഴും + 'ഏറനാട്ടിൽ'.
വെട്ടുപാതകളിലൊന്നിൽനിന്നുള്ളോട്ടു
പൊട്ടിവളഞ്ഞുതിരിഞ്ഞുപോകും
ഊടുവഴിഞരമ്പൊന്നങ്ങൊരുചെറു-
പാടത്തിൽ ചെന്നു കലാശിക്കുന്നു.
പൊക്കംകുറഞ്ഞു വടക്കു പടിഞ്ഞാറേ-
പ്പക്കത്തിൽ കുന്നുണ്ടതിൻ ചരിവിൽ,
ശുഷ്കതൃണങ്ങൾക്കിടയിലങ്ങിങ്ങായി
നില്ക്കുന്നിതു ചില പാഴ്മരങ്ങൾ.
കുററിച്ചെടിയിലപ്പുൽത്തറയിൽച്ചേന്ന്
പററിയിടസ്ഥലിടെ മിന്നീടുന്നു

* 64 അനാചാരങ്ങൾ.

\+ മാപ്പിളലഹള നടന്ന താലൂക്കുകളിൽ പ്രധാനമായത്

Digitized By Kerala Sahitya Akademi

ഊററിററുവീണുള്ള ചോരക്കണങ്ങൾപോൽ
* തെററിപ്പൂഴത്തിൻ ചെറുകുലകൾ.
അപ്പാഴ്മരങ്ങളും വാച്ച്യമുളകിൻെറ
നല്ലാകമാം കതിർ ഞാന്നുകാണായ്,
കുപ്പായത്തിൽത്തെറിച്ചോലും നിണമോടും
മുല്ലെട്ടമാപ്പിളക്കന്ന്യർപോലെ.
ചെററുദൂരത്തെച്ചരിവിലൊരുജലം
വററിയ തോടാണതിൻെറ വക്കിൽ
ഒട്ടകിഴക്കായൊരില്ലിക്കൂട്ടം തെന്നൽ
തട്ടി വടക്കോട്ടുചാഞ്ഞുനില്പൂ!
വേണുപ്രരോഹമോരോന്നങ്ങതിൽപൊങ്ങി-
ക്കാണുന്നതേ നിശിതാഗ്രമോടും
കാർക്കശ്യമേലുന്ന കുന്താംകലന്നൊരു
'ഗ്രീക്കുപ്പട'തൻ നളികംപോലെ.

അങ്ങടുത്തായ് മേഞ്ഞു നാളേറെയായ് നിറം
മങ്ങിപ്പതിഞ്ഞു പാഴ്പുല്ലുമാടം
കാണാം ചെറുതായകലെനിന്നാലൊരു
കൂണെന്നപോലെ വയൽവരമ്പിൽ.
അന്തികത്തിൽ ചെല്ലുന്തോറുമൊരുചൊവ്വും
ചന്തവുമില്ലക്കുടിലുകണ്ടാൽ,
വൃത്തവും കോണും ചതുരവുമല്ല,തി-
ലെത്തിനോക്കീട്ടില്ല ശില്പിതന്ത്രം.
വണ്ണംകുറഞ്ഞൊരു രണ്ടു ചാൺപൊക്കത്തിൽ
മണ്ണുചുവരുണ്ടകത്തുചുററും

---

* തെച്ചി

Digitized By Kerala Sahitya Akademi

കോണംമൂഴകളും തീൎത്തിട്ടില്ലായതിൽ
കാണുന്ന കൈവിരൽപ്പാടുപോലും.
മുറവം കിഴക്കായി വീതികുറഞ്ഞൊരു
മുററമതിന്നുണ്ടതിൽമുഴുവൻ
പററിക്കറുകയും പപ്പടകപ്പുല്ലും
മററതൃണങ്ങളും മങ്ങിനിൽപ്പൂ.
പൊട്ടക്കലമൊന്നിൽ നീരുമൊരുകരി-
ച്ചട്ടിയും കാണാം വടക്കരികിൽ
കനാകടിച്ചിലപോയിത്തലചാഞ്ഞു
നിന്നീടും തൈവാഴതൻചുവട്ടിൽ.

തിട്ടമിപ്പുല്ലുകുടിലിന്നുമംബരം-
മുട്ടിവളരുമരമനയ്ക്കും
പട്ടറവിത്തൊന്നുതന്നെ-യിതാവിത്തു
പൊട്ടിവന്നീടും പൊടിപ്പുതന്നെ.
എന്തുള്ളഭേദമിതുകളിൽപാൎക്കുന്ന
ജന്തുക്കൾതാനും സഹജരല്ലോ.
അന്നാണനേച്ചമച്ചുള്ളൊരുകൈയല്ലോ
ഹന്ത നിൎമ്മിച്ചു ചെറുമനേയും
ബാഹുവീൎയ്യങ്ങളും ബുദ്ധിപ്രഭകളും
സ്നേഹമൊലിക്കുമുറവുകളും
ആഹന്തയെത്ര വിഫലമാക്കിത്തീൎത്തു
നീ ഹിന്ദുധൎമ്മമേ 'ജാതി'മൂലം!
എത്രപെരുമാക്കൾ ശങ്കരാചാരൃന്മാ-
രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും
ക്രൂരയാംജാതിയാൽ ന്യൂനമലസിപ്പോയ്
കേരളമാതാവേ, നിൻവയററിൽ.
തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചീടും കല്ലുകൾ ഭാരതാംബേ,

Digitized By Kerala Sahitya Akademi

താണുകിടക്കുന്ന നിൻകുക്ഷിയിൽ ചാ ...
കാണാതെയാറേഴുകോടിയിന്നും.

എന്തിനുകേഴുന്നു ദീനയോ നീ ദേവി,
എന്തുഖേദിപ്പാൻ ദരിദ്രയോ നീ

ഹന്തയിജ്ജാതിയെ ഹോമിച്ചൊഴിച്ചാൽ നിൻ
ചിന്തിതം സാധിച്ചു രത്നഗർഭേ.

തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ

കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!

ഭേദങ്ങളററപൊരുളിനെക്കാഹള-
മൂതിവാഴ്ത്തീടുന്നു വേദം നാലും,

വൈദികമാനികൾ മർത്ത്യരിൽ ഭേദവും
ഭേദത്തിൽഭേദവും ജല്പിക്കുന്നു!

എന്തൊരുവൈകൃതം *ബ്രഹ്മവിദ്യേ, നിന്നി-
ലെന്താണിക്കാണുന്ന വൈപരീത്യം

നിർണ്ണയം നിന്നെപ്പോൽ പാരിലധോഗതി
വിണ്ണവർഗംഗയ്ക്കുമുണ്ടായില്ല.

പോകട്ടെ,യെന്തുപറവൂ—കഥയിതു
പോകട്ടെ—മുൻചൊന്നലക്ഷണത്താൽ

കേവലം ശൂന്യമല്ലക്കാടിലുണ്ടതിൽ
പാവങ്ങളായ പുലയരാരോ.

തഞ്ചാറില്ലായതിലാളേറെ മുററത്തു
സഞ്ചരിക്കാറുമില്ലേറെയാരും

---

* ബ്രഹ്മപ്രതിപാദനപരമായ ഹിന്ദുമതശാസ്ത്രം.

Digitized By Kerala Sahitya Akademi

പാടത്തിറങ്ങുംവഴിതന്നഹോ കഴൽ-
പ്പാടേററ നന്നേ തെളിഞ്ഞിട്ടില്ല
അല്ലെങ്കിലിങ്ങീയടിമകൾ പേടിച്ചു
മെല്ലെനടപ്പതു മണ്ണറിയാ
എല്ലാററിലും തുച്ഛമല്ലോ ചെറമക്കൾ
പുല്ലുമിവർക്കു വഴിവഴങ്ങാ.
മററുള്ളവർക്കായുഴാനും നട്ടുവാനും
കററകൊയ്യാനും മെതിക്കുവാനും,
പററമിക്കൂട്ട,രിരുകാലിമാടുകൾ
മററു കൃഷിപ്പണിചെയ്യുവാനും.
ഒന്നോർത്താൽ മാടും കയർക്കുമിതുകളോ-
ടൊന്നായവററയെ നാം ഗണിച്ചാൽ
പാരംപവിത്രങ്ങൾ പയ്ക്കളി പ്പാവങ്ങൾ
ദൂരത്തും തീണ്ടുള്ള നീചരല്ലോ.

നാഗരികനരലോകത്തിൻശ്യാമമാ-
മാകൃതിപൂണ്ടനിഴൽകണ്ടഹോ
പ്രാകൃതർ താണുകിടക്കുന്നതേയിവ-
രേകാന്തദീപ്തമാമിക്കാലത്തും.
എങ്കിലും ഹിന്ദുക്കളെന്നുമിവരെ നാം
ശങ്കകൂടാതെ കുറിച്ചിടുന്നു
മുങ്ങിക്കിടക്കും കളിമണ്ണും നേരോർത്താൽ
തുംഗമാം പാറയുമൊന്നാമല്ലോ.
അക്ഷരമെന്നതറിവീല, ചാത്തനും
യക്ഷിയും പേയുമിവർക്കു ദൈവം
കക്ഷിയിൽകൊണ്ടു കരിക്കാടിയല്ലാതെ
നിക്ഷേപമായിവർക്കൊന്നുമില്ല.

Digitized By Kerala Sahitya Akademi

ക്രൂരത്വരമില്ല താരുണ്യത്തിൽ ചിലർ
കീറക്കരിത്തുണിച്ചീന്തൽ ചാർത്തി
നാണംമറയ്ക്കും, ചിലർ നിജായുസ്സൊരു-
കോണകംകൊണ്ടു കഴിച്ചുകൂട്ടും.

ഇപ്പോലെ കഷ്ടമധിവസിച്ചീടുന്നി-
തിപ്പോഴും ലക്ഷങ്ങൾ കേരളത്തെ
അപ്പാവങ്ങൾക്കുള്ളെടുപ്പിന്റെ കേമത്ത-
മിപ്പുല്ലുമാടം പറയുമല്ലോ.
എന്നാൽ, കടിലിലുമെന്തെങ്കിലും നന്മ-
യൊന്നുണ്ടാം, ദൈവം ദയാലുവല്ലേ!
സന്ദേഹമില്ലിങ്ങു സൌധങ്ങളിൽനിന്നു
പോന്നിപ്പോൾ ശാന്തത മേവുന്നുണ്ടാം.

ഹന്ത * ചാളയ്ക്കുള്ളിൽ മൂടിമറച്ചൊരു
ചന്തമേറീടും വദനമല്ലേ
കാണുന്നു, നോക്കിൽ പുറമ്പോളനീങ്ങാതെ
ചേണുററമിന്നുന്ന പൂവുപോലെ.
തററുടുത്തുരുമറഞ്ഞ മനോജ്ഞമാ-
മൊററക്കണങ്കാൽ മടക്കിവച്ചും,
മററേക്കഴൽനിലത്തൂന്നിയമ്മുട്ടിന്മേൽ
പററിയകൈത്തണ്ടിൻചെന്തളിരിൽ
പൂമഞ്ജുവക്ത്രം ചരിച്ചുവച്ചും, മററേ-
യോമൽക്കൈത്താർ നിലത്തൂന്നിക്കൊണ്ടും,
കീറപ്പനമ്പായിലാരോ മുഷിഞ്ഞൊരു
ക്രൂരവുതച്ചു കനിഞ്ഞിരിപ്പൂ.

---

* മാടത്തിന് മലബാറിൽ സാധാരണ പറയുന്നപേർ.

Digitized By Kerala Sahitya Akademi

നീണ്ടുചുരുണ്ടേറെ വാച്ചതലമുടി
വേണ്ടപോൽ കെട്ടാതടിക്കഴുത്തിൽ
താറുമാറായിക്കിടക്കുന്നുണ്ടൊട്ടൊട്ടു
പാറുന്നുമുണ്ടമ്മുഖാംബുജത്തിൽ.
ഓലയിട്ടേററം വടിഞ്ഞിപ്പോൾ ശൂന്യമായ്
ലോലമനോജ്ഞമാം കാതിഴകൾ
തോളോളംതൂങ്ങുന്ന നല്ലാർമുഖശ്രീക്കു
* ദോളകൾപോലെ പഴയമട്ടിൽ.

ന്യൂനമിവളക്കുടിലിലിരിക്കിലും
ദീനയെന്നാലും ചെറുമിയല്ല.
കോമളമായിളംമാന്തളിർപോലല്ലും
ശ്യാമളമാകിലും പൂവൽമെയ്യും
ആഭയും മട്ടുമുടപ്പുമിവൾക്കുള്ളോ-
രാഭിജാത്യത്തിന്റെ മെച്ചമോതും.
അത്തലാക്കുംവായ്ക്കുമിക്കാലം ചാളയി-
ലിത്തയ്യൽ .രകട്ടഅദിയെന്നാം,
+ നത്തക്കുളത്തിൽ നിയതിയാൽ നീതമാം
മുത്തേലുമോമനച്ചിപ്പിപോലെ.
അയ്യോ ശരി, നെററിത്തിങ്കൾക്കലയിലും,
മഞ്ജുൽമിഴിപ്പൂങ്കപോലത്തിലും,
വാടാത്ത ചെന്തളിർപോലെ മിനുത്തിന്നും
പാടലമാമച്ചൊടികൾമേലും,
ഓടാതെനില്ക്കും കടക്കണ്ണിൻകോണിലും,
കേററ ലാവണ്യരാശിക്കുള്ളിൽ

* ഊഞ്ഞാൽ.

+ ഞാവഞ്ഞി എന്ന വയൽക്കക്ക

Digitized By Kerala Sahitya Akademi

ഞാടലിൻവിത്തു കഴിച്ചിട്ടിരിക്കുന്ന
പാടവമുള്ള മിഴികകാണാം.
വിണ്ടലത്തെങ്ങോ വിളങ്ങിയ താരമേ!
കുണ്ടിൽപതിച്ചു നീ കഷ്ടമോർത്താൽ.
ഉന്നതഭാഗ്യങ്ങളൊന്നും സ്ഥിരമല്ല, -
യിന്നതിന്നാക്ക് വരുവെന്നില്ല.
ഭള്ളാർന്ന ദുഷ്ടമഹമ്മദന്മാർ കേറി-
കൊള്ളയിട്ടാത്തറഹോ തീകൊളുത്തി
വെന്തുപോയൊരു വമ്പിച്ചമനയ്ക്കലേ
സന്താനവല്ലിയാണിക്കുമാരി.
കൊള്ളക്കാരൊട്ടാളെ വെട്ടിക്കൊലചെയ്തും
'അള്ളാ' മതത്തിൽപിടിച്ചുചേർത്തും
ഉള്ളിൽനടക്കും തിരക്കിലിരുട്ടിലി-
പ്പുള്ളിമാൻകണ്ണിയാൾ ചാടിപോന്നാൾ.
നായാട്ടിനായി വളഞ്ഞ വനംവിട്ട
പായുന്നൊരററമാൻകുട്ടിപോലെ,
വേകുന്നസൌധംവെടിഞ്ഞു പറന്നുപോ-
മേകയാം പ്രാവിൻകിടാവുപോലെ,
ആയാസമാർന്നിക്കുലകന്യ ഹാ! വിധി-
യാതായാട്ടിനാൽ വന്നീമാടംപുക്കാൾ.
പാവമിപ്പെൺകൊടി ശാപംപിണഞ്ഞൊരാ
ദേവതപോലെയധഃപതിച്ചാൾ.
ഒട്ടുവെളിക്കോട്ടുഴന്നുനോക്കിത്തണ്ടും
മുട്ടുംമിന്നതെഴമില്ലിത്തുണ്ണിൽ
കെട്ടിവളത്തിക്കുലച്ചപൂവല്ലിപോൽ
മുട്ടിയിരുന്നിപ്പോളിന്നതാംഗി,

Digitized By Kerala Sahitya Akademi

മററൊരുലക്ഷ്യത്തിൽ കണ്ണയച്ചീടുന്നു
മുററംതൻമുമ്പിൽ കുടിലിനുള്ളിൽ.
ഉററവരുണ്ടാമടുത്താരോ തന്വിക്കു
ചെററനങ്ങുന്നുണ്ടു ചുണ്ടുതാനും.
അംഗുലീപല്ലവം ചൂണ്ടുന്നഹോ, തല
ഭംഗിയിൽ തയ്യൽ കുലുക്കിടുന്നു.
അല്ലലിൻഭാരം കുറയുമാറാരോടോ
സല്ലപിക്കുന്നിവൾ തക്കമില്ല.
ഹന്ത മിനുത്തമുളമ്പീലിച്ചട്ടങ്ങൾ
പന്തിയിൽ നല്പനനാരാൽകെട്ടി
ചന്തത്തിലീക്കിലാൽതീർത്ത കിളിക്കൂടൊ.
ന്നന്തികത്തുണ്ടിതാ തൂങ്ങിടുന്നു.
ആയതിന്മദ്ധ്യേ വിലങ്ങനെവച്ചിട്ടു-
ള്ളായതമായൊരുകോലിൽപ്പററി
ആനതപൂർവ്വാംഗിയായെതിരേയൊരു
'മൈന'യിരിക്കുന്നു കൊഞ്ചിക്കൊഞ്ചി.
ചുട്ടകിഴങ്ങിൻമുറിയും ചിരട്ടയി-
ലൊട്ടുജലവുമക്കൂട്ടിൻകോണിൽ
ഇച്ഛവരുമ്പോളെടുത്തുകഴിപ്പാനായ്
വച്ചിരിക്കുന്നുണ്ടു വൃത്തിയായി.
തങ്കദ്യുതിയാർന്ന ചുണ്ടുമതേനിറം-
തങ്കും നയനപരിസരവും
മാവിൻകരുന്തളിർമേനിയും തൂവെള്ള-
ത്തൂവൽ തിളങ്ങുമടിച്ചിറകും
താവുന്നൊരിക്കിളിക്കോപ്പിനോടാണിവൾ
പാവം സംസാരിപ്പതിന്നഥവാ,

Digitized By Kerala Sahitya Akademi

ആധിപ്രവാഹം കരകവിഞ്ഞൊട്ടുന്ന
ചേതസ്സിനേതുപഴുതുപോരാ?
ചൊല്ലുന്നു തേന്മൊഴിയാളച്ചിറകേലും
ചെല്ലസ്സഖിയോടാ"യോമലാളേ,
വല്ലകഥയുംപറകെടോ നീ, കാലം
വല്ലാത്തഭാരമായ്, നീങ്ങാതായി.
ഇററിററുവീഴുന്ന തേൻതുള്ളിയെൻചെവി-
ക്കിററിച്ചിന്നാത്തി നീയേററീടുന്നു,
ഒററമൊഴിയും മുറിവാക്യവും മേലിൽ
പററില്ലെനിക്കു മുഷിഞ്ഞു മൈനേ.
എന്തെടോനോക്കുന്നിതെന്നെ,പ്പുകയുന്നോ
ചിന്തയാൽ നിൻെറ ചെറുതലയും?
സ്വന്തകുലവും കുലായവുംവിട്ടിന്നു
ബന്ധനമാർന്നല്ലോ വാഴ്‌വ് നീയും.
പക്ഷേയെനിക്കിന്നതുകൊണ്ടുതാൻ നിന്നിൽ
പക്ഷമേറുന്നതാം പക്ഷിവര്യേ!
തുല്യവിപത്താർന്നോർ തമ്മിലേലും വേഴ്ച
തെല്ലൊരാശ്വാസമേകുന്നതല്ലോ.
കഷ്ടം കനകമുഖിയെനിക്കായ് വൃഥാ
കഷ്ടപ്പെട്ടുന്നു നീ, വേണ്ടവേണ്ട
വിട്ടുകളവൻ പ്രിയേ, നിന്നെ നിന്മേലു-
ള്ളിഷ്ടമേയെൻകൈതടയുന്നുള്ളൂ."
എന്നോതി പഞ്ജരവാതിൽ തുറക്കുവാൻ
സുന്ദരി കൈവല്ലിയൊട്ടുനീട്ടി,
സന്ദേഹിക്കുന്നു നെട്ടുവീർപ്പിട്ടുന്നഹോ
മന്ദാക്ഷമാർന്നു വിരമിക്കുന്നു.

Digitized By Kerala Sahitya Akademi

"അല്ലല്ല! തെററിയെനിക്കോമനേ ചെയ്യാ-
വല്ലിതു നിന്നെ വിടാവതല്ല.
തെല്ലതിന്നാകാതെയെൻ കൈതടയുന്നു
വല്ലാത്ത ചങ്ങല വേറൊന്നല്ലോ!
എന്നിലലിഞ്ഞേകനേകിയേകാന്തത്തിൽ
നിന്നെയെനിക്കു വിനോദമേകാൻ
എങ്ങനെ ഞാൻ തൽപ്രണയം ഗണിയാതെ
ചങ്ങാതിയാളേ, വിടുന്നുനിന്നെ.
എന്നല്ല നീയിനി മോചിച്ചു കൂട്ടത്തിൽ
ചെന്നാലും പക്ഷികൾ ശണ്ഠകൂട്ടാം
ഇല്ലങ്ങളൊന്നിലീ ഞാൻ ചെന്നാലെപ്പോലെ-
യെല്ലാരുമാട്ടിപ്പുറത്തുതള്ളാം.
പോകേണ്ട പോകേണ്ട, യോമനേ, നമ്മൾക്കു
ചാകുംവരയ്ക്കിക്കുടിലിൽ വാഴാം
ഏകട്ടെയാശ്വാസം നമ്മൾക്കിനി നമ്മെ
ശോകത്തിലാഴ്ത്തിയ ദൈവംതന്നെ.

"പ്രത്യേകിച്ചോമലേ, നിന്നഴലിന്നെൻെറ
ദുഃസ്ഥിതിയോർക്കുമ്പോൾ സാരമില്ല.
സ്വച്ഛന്ദമോടിനടക്കാമെന്നുള്ളൊരു
മെച്ചമേയുള്ളു നിനക്കു പോയാൽ.
ഇത്തരംകൂടൊരു കാട്ടുപക്ഷിക്കില്ല-
യിത്രസുഖവുമില്ലോർത്തുകണ്ടാൽ.

"ഞാനോ വലിയൊരു നമ്പൂരിയാഢ്യൻെറ
മാനദയായ പെൺകുട്ടിയല്ലോ
എന്തറിവൂ നീ മനയ്ക്കലെ പ്രൌഢിയു-
മന്തസ്സും ഞാനതു ചൊല്ലിയാലും.

Digitized By Kerala Sahitya Akademi

ഉച്ചമാമില്ലത്തെ വെണ്മാടമൊന്നിന്റെ
മച്ചിന്നകത്തെ മണിയറയിൽ
ഇച്ഛാനുകൂലസുഖംപൂണ്ടുമേവിനേ-
നച്ഛനമമ്മയ്ക്കും പ്രാണനായ് ഞാൻ.
എന്തുചെയ്കീടാനുമേറെപ്പരിജന-
മോടിവന്നങ്ങു വണങ്ങി നിൽക്കും.

സ്വന്തനീരാട്ടുമുടയാടചാർത്തലും
കൂടിയവർതന്നെ ചെയ്യിപ്പിക്കും.
പന്തിയിൽ ചിക്കിയുണക്കും തലമുടി
ചന്തത്തിൽ കോതി മുടഞ്ഞുകെട്ടും.
തക്കമിനക്കിയണയിക്കും കണ്ണത്തിൽ
സംസ്കരിക്കും മിഴിയഞ്ജനത്താൽ.
* വെൺകലക്കാപ്പുകളെല്ലാം കരങ്ങളിൽ
തങ്കപ്രഭയിൽ വിളക്കിച്ചാർത്തും.
തോഴിമാരിങ്ങനെ ചെയ്യുമെല്ലാമെനി-
ക്കുഴംതെററാതെയും നിത്യമായും.

"കോണിയിറങ്ങീട്ടില്ലോമനേ, യേറെ ഞാൻ
നാണം വെടിഞ്ഞു നടന്നിട്ടില്ല,
വട്ടക്കുടയും 'വൃഷലി'യും കൂടാതെ-
യൊട്ടെൻകുളക്കടവോളവും ഞാൻ.
ധന്യനാമച്ഛനൊഴിഞ്ഞെൻമുഖംതന്നെ-
യന്യപുരുഷന്മാർ കണ്ടിട്ടില്ല.
കൊഞ്ചിഞാൻചൊൽവതു കേട്ടിട്ടില്ലാരുമെൻ
പഞ്ചവർണ്ണപ്പൈങ്കിളിയല്ലാതെ.

---

* അന്തർജ്ജനങ്ങൾ വെങ്കലവള അണിയുന്നതു് പ്രസിദ്ധം

Digitized By Kerala Sahitya Akademi

വേണ്ടാ പറയേണ്ടയെൻെറയഭാഗ്യങ്ങൾ
വീണ്ടും വരാതെ പറന്നുപോയി.
തണ്ടലർസംഭവനങ്ങനെയെൻപിഞ്ചു-
ണ്ടയിൽ താഴ്ത്തിയെഴുതിപ്പോയി.
നിന്നെ മുഷിപ്പിക്കുന്നുണ്ടാവാം, നിർത്തി ഞാൻ
പൊന്നേലും ചുണ്ടാളേ, യെൻപുലമ്പൽ.

"അല്ലേ! നീയാസ്യം ചരിച്ചുചെവികൊട്ട-
ന്നെല്ലാം ശ്രദ്ധിച്ചുതാൻ കേൾക്കുന്നല്ലോ.
ചൊല്ലുവാൻ കെഞ്ചുംപോലോമൽച്ചെറുമിഴി
തെല്ലുചാച്ചെൻമുഖം നോക്കുന്നല്ലോ.
വീണ്ടും പറവൻ, നിനക്കു രസമുണ്ടു,
നീണ്ടപകൽതാണ്ടാനുണ്ടെനിക്കും.
ഇണ്ടലിൻഭാരം മൊഴിയാൽ കുറകിലും-
ണ്ടാണ്ടിനി താങ്ങാറാം ജീവിതവും.
അല്ലലെനിക്കു പിണഞ്ഞതു ചൊല്ലുവൻ
കല്ലും കരഞ്ഞുപോമക്കഥ നീ,
ഓമനേ, കേട്ടു നിലവിളിച്ചീടല്ലേ-
യാമയം നീയെനിക്കേററിടല്ലേ.

"ചിന്നുന്ന വെൺകതിർത്തൂവിയൊരന്തിയിൽ
കന്നിയിളന്തിങ്കൾ പൊങ്ങിനിന്നു,
പശ്ചിമദിക്കിൻെറ നെററിയിൽ മാലേയ-
ക്കൊച്ചുതിലകത്തിൻകീറുപോലെ.
പിച്ചിവിടർന്നു പുതിയപരിമളം
മച്ചിന്മേലെൻകിളിവാതിലൂടെ
പിച്ചയായുള്ളിൽ ചരിക്കുമിളങ്കാററിൽ
പച്ചൂർണ്ണമേറിപ്പരന്നിരുന്നു.

Digitized By Kerala Sahitya Akademi

തൂമഞ്ഞ്ജൂചന്ദ്രികയെന്റെ മഞ്ചത്തിലെ
പൂമെത്തപോൽ വെൺവിരിപ്പിന്നീതെ
ശ്രീമെത്തുമന്യവെൺപട്ടുഗവാക്ഷത്തിൻ
സീമയിലൂടെ വിരിച്ചിരുന്നു.
വ്യോമത്തിൽ വർണ്ണംതെളിഞ്ഞുവിളങ്ങിയൊ-
ട്ടോമനത്താരങ്ങൾ, പൂമുററത്തിൽ
തൂമുല്ല തങ്കച്ചെറുചമ്പകമോമൽ-
ച്ചേമന്തിയെന്നീ പൂവൃന്ദംപോലെ.
അത്താഴവും വായനയും കഴിഞ്ഞുഞാൻ
ചിത്താനന്ദം പൂണ്ടു കട്ടിലേറി
പൊക്കിത്തല പൂന്തലയണമേൽ ചേർത്ത-
ങ്ങാക്കാഴ്ചകണ്ടു ശയിച്ചിരുന്നു.
തെറെറന്നുപിന്നെ പ്രകാശമിരുട്ടിന്റെ
മറേറത്തലയെന്നു ചൊല്ലിച്ചൊല്ലി
വെൺമതിക്കുമ്പു തമസ്സിൽ മുങ്ങി മെല്ലേ
മന്മതി മുങ്ങി സുഷുപ്തിയിങ്കൽ.

അയ്യോ! പൊന്നോമനേയപ്പുറം ചൊല്ലുവാൻ
വയ്യേ, നിനയ്ക്കുവാൻപോലും വയ്യേ!
ചീർപ്പുണ്ടാകുന്നു ശരീരം വിറയ്ക്കുന്നു,
വീർപ്പുമുട്ടുന്നു കുഴങ്ങുന്നു ഞാൻ.
അത്ത്രഭയാനകമിപ്പോഴുമോർക്കുമ്പോൾ
ചിത്തം ഞെട്ടിപ്പോമച്ചരിതം.

"ഒട്ടാകെയങ്ങൊരു ഘോരാരവംകേട്ടു
ഞെട്ടിപ്പിടഞ്ഞഹോ ഞാനെണീററു.
ലോകം തകരുംവിധം തോന്നി, ഞാനോർത്തു
ഭൂകമ്പമെന്നോ പ്രളയമെന്നോ.

Digitized By Kerala Sahitya Akademi

മുററത്തെയ്ക്കാഞ്ഞു ജനവാതിലൂടെ ഞാൻ
ചെററൊന്നു നോക്കിപ്പകച്ചുപോയി
കണ്ണുകബളിപ്പിക്കുന്നെന്നു തോന്നിയെൻ
കാതെന്നെ വഞ്ചിക്കുന്നെന്നുതോന്നി.
ദുർന്നരകത്തിൽ പതിക്കയോ ഞാൻ ഘോര-
ദുസ്സ്വപ്നം കാൺകയൊയെന്നുതോന്നി.
 "കാളുന്നപന്തങ്ങൾ തീവെട്ടികളിവ
മേളിച്ചദീപ്തി പരന്നുകാണായ്
ഉഗ്രമായ്ച്ചൂഴുമിരുട്ടിൻെറമദ്ധ്യത്തൊ-
രഗ്നിമയമാം തുരുത്തുപോലെ.
ക്രൂരമുഖവും കട്ടത്താടിയുമായ്
പാരം ഭയങ്കരരയ്യോ കയ്യിൽ
വാളും വാക്കത്തിയും തോക്കും വടിയുമു-
ള്ളാളുകളെങ്ങും ഞെരുങ്ങിക്കാണായ്
താടികൾ നീട്ടിയും വെട്ടിപ്പലവിധം
പേടിയാമ്മാറവതെറുത്തുവച്ചും
തൊപ്പിയിട്ടും ചിലർ കുപ്പായമിട്ടുമ-
ങ്ങല്പം ചിലർ നീലയങ്കിയാൻറും
കട്ട്'ക്കയലി'മീതെയരഞ്ഞാൺചേർത്തു
കെട്ടിയുടുത്തും ചിലർ ചിലപേർ
വക്കിൽനിറംകാച്ചിയോരുവെൺമുണ്ടര-
വാറിട്ടിറക്കിയുടുത്തുമുള്ളോർ
ഒട്ടാൾമരച്ചെരുപ്പുള്ളോരില്ലാത്തവ-
രൊട്ടുപേരങ്ങനെയങ്കണത്തിൽ
കഷ്ടം കാണായിതസംഖ്യംപേരെല്ലാരും
ദുഷ്ടമഹമ്മദരാക്ഷസന്മാർ.

Digitized By Kerala Sahitya Akademi

"ക്രൂരന്മാരിരുമ്പുകോൽകൊണ്ടുകോട്ടമതിൽ
കുത്തിച്ചിലർനിന്നിടിച്ചിടുന്നു.
കട്ടിക്കൂടിടുംകതകുകൾമേലോങ്ങി
വെട്ടുന്നഹോ ചിലർ വെൺമഴുവാൽ
താക്കോൽ ലഭിക്കുവാൻ കാര്യസ്ഥനെച്ചിലർ
നോക്കിത്തിരക്കിൽനടന്നിടുന്നു.
തോക്കൊഴിക്കുന്നിതിടയിൽ മനുഷ്യരെ-
യാൾക്കാരണഞ്ഞാലവരെനോക്കി.
ഉദ്ധതന്മാർപിന്നെകോപംസഹിയാഞ്ഞു
ചത്തുവീണോരെച്ചവിട്ടീടുന്നു.
ശുദ്ധിയില്ലാത്ത മലയാളഭാഷയിൽ
ക്രുദ്ധിച്ചസഭ്യങ്ങൾ ചൊല്ലിച്ചൊല്ലി
താനേചിലർ കലിയാർന്നു മദംപെട്ട-
മാനപോൽ കൂക്കിവിളിച്ചിടുന്നു
ഘോരമിശ്ശബ്ദങ്ങൾ മാററൊലികൊണ്ടഹോ
ദൂരത്തിരുട്ടുമലറിടുന്നു.

"അയ്യോ, കാര്യസ്ഥനെ ദുഷ്ടരിതാപിന്നിൽ
കയ്യുകൾകെട്ടിക്കുനിച്ചുനിർത്തി
ഹാ പാപം! വാളൊന്നു പാളുന്നിതായിടി-
ത്തീപോലെ തദ്ഗളനാളത്തൂടെ.
ചുററമറകളിലുള്ള പരിജനം
മുററത്തുചാടിനിന്നീടുംമുമ്പേ
കഷ്ടം നിലംപതിക്കുന്നിതാ പാവങ്ങൾ
വെട്ടുകളേററും വെടികൾകൊണ്ടും,
ഘോരം! ശവങ്ങൾ പിടഞ്ഞടിഞ്ഞും ചുററും
ചോരച്ചെഞ്ചോല ചുഴിഞ്ഞുപാഞ്ഞും

Digitized By Kerala Sahitya Akademi

പാവനമാം മുററമിപ്പോഠം ഭരണിനാഠം
കാവിൽക്കുരുതിക്കളംകണക്കായ്
എന്നല്ലപരിയൊഴിഞ്ഞതോക്കിൻവായിൽ
നിന്നുപോയ് ധൂമപിണ്ഡങ്ങഠംനീളെ
പാതിരാവായിത്താണപ്പാർന്നവായുവിൽ
ഭൂതങ്ങഠംപോലെയിഴഞ്ഞിടുന്നു!

''ആഹാ മ്ലേച്ഛന്മാരകായിൽകടന്നോരോ
സാഹസംചെയ്കയായ് സ്ത്രീജനത്തിൽ.
മച്ചിന്മേൽനിന്നു നിലവിളികേഠംക്കുന്നു,
മച്ചേതന പിടയുന്നിതുള്ളിൽ.
കൂട്ടിൽകടന്നോമൽപ്രാവിൻപിടകളെ -
കാട്ടു*പോക്കാന്മാർപോലെൻെറ ശംഭോ!
ദുഷ്ടമുസൽമാന്മാർ കേറിപ്പിടിക്കയോ
കെട്ടിന്നകത്തുള്ളബലമാരെ.
അയ്യയ്യോ കാർകൂന്തൽ ചുററിയിജ്ജോനക -
ക്കയ്യരിഴച്ചിതാ മുററത്തെത്തി
ശ്രീദേവി സീത ചിരുത തുടങ്ങിയ
ഭൂദേവസ്ത്രീകളും ദാസിമാരും
ആരോമൽമേനിമാർ കഷ്ടം പിടയുന്നീ-
ക്രൂരർതൻകൈകളിലോരോപേർ
ഓരോകാർകൊണ്ടലിൻകോണിൽ പിടഞ്ഞെഴു -
മോരോപൊന്മിന്നൽക്കൊടികഠംപോലെ.

''അല്ലല്ലയെന്തെല്ലാം ചെയ്യുന്നു കശ്മലർ
നല്ലാർജനങ്ങളെ - കാണ്കവയ്യേ!
അമ്മമാരില്ലേ സഹോദരിമാരില്ലേ -
യിമ്മൂർഖക്കീശ്വരചിന്തയില്ലേ.

---

* കാട്ടുമാക്കാൻ (കാട്ടുപൂച്ച)

Digitized By Kerala Sahitya Akademi

ററന്തമതമെന്നാലോചിക്കുന്നല്ലോയി-
ജ്ജന്തുക്കളെന്തതിൽ നീതിയില്ലേ?

''ആയായ്! ഇതായെൻെറയച്ഛൻ മഹാഭാഗൻ
മായയോ കാണ്മതു ദുർഭഗ ഞാൻ.
ആയായ്! ഇതായെൻജനനി ഹാ ദുർവിധേ,
നീയിനിയും ധൂത്തു നിൽന്നില്ലേ.
ഭേചണാർന്നൊരച്ഛൻെറ പൂർവശിഖപൂണ്ട
പൂണുനൂലാർന്ന നിവർന്ന പൂമെയ്
കേണഹോ! കഷ്ടം കുനിഞ്ഞുനിന്നീടുന്ന
ഞാണയഞ്ഞോരുപൊൻവില്ലുപോലെ.

"അല്ലേ! പ്രിയതാതയെന്തേപെടാനങ്ങ
വല്ലാത്തൊരാപത്തിലാരിതോത്തു.
തമ്പുരാന്മാരും തിരുമുല്പാടന്മാരും
വമ്പേറമാഢ്യന്മാർ മററുള്ളോരും
കുമ്പിട്ടും വന്ദ്യനങ്ങിപ്പീറജ്ജോനകർ-
മുമ്പിൽ തലതാഴ്ത്തിനില്പായല്ലോ.
എന്നല്ലിവരിൽപലരും മനസ്സുലെ-
ക്കുന്നവരാത്തെകൃഷിക്കാരല്ലോ.
പേറ്റും ചിലരിവർ നമ്മുടെ വസ്തുക്കൾ
ചാത്തിച്ചുവാങ്ങിക്കഴിവോരല്ലോ.
എന്നല്ലി മുസ്സായും കാസ്സീനും ക്രൂട്ടരും
സ്വന്തംപടിക്കലേ ഭൃത്യരല്ലോ
എന്തിവക്കിങ്ങനെ തോന്നുവാൻ? നമ്മളെ-
യെന്തിവരിന്നഹോ വേട്ടയാടാൻ?''

വിട്ടുപോയൊന്നു ഭവതിക്കൊന്നാത്തോലേ-
യൊട്ടധികംപേരിവരിൽമുമ്പേ

Digitized By Kerala Sahitya Akademi

ഹന്തനായന്മാർ തുടങ്ങിക്കീഴ്പോട്ടുള്ള
ഹിന്തുക്കളൊായുമിരുന്നോരത്രേ.
ആട്ടം, വിലക്കം, വഴിയാട്ടം, മററമി-
ക്രൂട്ടർസഹിച്ചുപൊറുതിമുട്ടി
വിട്ടതാം ഹിന്തുമതം - ജാതിയാൽതാനേ
കെട്ടുകഴിഞ്ഞ നമ്പൂരിമതം.
കേരളത്തിങ്കൽ മുസൽമാന്മാർ പശ്ചിമ-
പാരങ്ങളിൽനിന്ന വൻകടലിൻ-
ചീറംതിരകൾ കടന്നോ ഹിമാലയ-
മേറിയോ വന്നവരേറയില്ല.
എത്രയോദൂരം വഴിതെററിനില്ക്കേണ്ടോ-
രേഴച്ചെറമൻപോയ് തൊപ്പിയിട്ടാൽ
ചിത്രമവനെത്തിച്ചാരത്തിരുന്നിടാം
ചെററം പേടിക്കേണ്ടാനമ്പൂരാരെ
ഇത്രസുലഭവുമാശ്ചര്യവുമായി-
സ്സിദ്ധിക്കും സ്വാതന്ത്ര്യസൗഖ്യമെങ്കിൽ
ബുദ്ധിയുള്ളോരിങ്ങാശ്രേയസ്സുപേക്ഷിച്ചു
ബദ്ധരായ് മേവുമോ ജാതിജേലിൽ.
ധർമ്മം സനാതനം ലോകത്തിൽ സ്വാർത്ഥികൾ
നിർമ്മിച്ചുവച്ച നയങ്ങളല്ല.
കർമ്മഫലത്തിൻെറ കയ്പുകുറകില്ല
ജന്മി, കൊട്ടേറില്ലഴവന്മാർക്കും.

നില്ക്കട്ടെയക്കാര്യം വീണ്ടുമപ്പെൺകിടാ-
വുൾക്കൊള്ളുമാധിയാൽ കേണുചൊന്നാൾ
പൂട്ടറകത്തിപ്പൊളിച്ചെടുത്തധൂർത്തർ
പൊന്നും പണങ്ങളും പണ്ടങ്ങളും

Digitized By Kerala Sahitya Akademi

മൂത്തുതടിച്ചു ലഹളത്താലവന്റെ
മുമ്പിൽകൊണ്ടന്നുടൻ കൂട്ടുന്നതും
കൊള്ളക്കാരൊക്കെപ്പുകത്തൊടുക്കുന്നതും,
കൊള്ളിവെച്ചില്ലം ദഹിപ്പിപ്പതും
അമ്പരന്നോടിയിറങ്ങിയവൾ പാഞ്ഞു
പിമ്പുറത്തുള്ളോരുവാതിലൂടെ
ചാടിയിരുട്ടിൽ മറയുന്നതും, ഭ്രമി
ച്ചോടിയടുത്തുള്ള സർപ്പക്കാവിൽ
പ്രാണനെക്കാളുമഭിമാനം പേടിച്ചു
ത്തുണവൾകേറിയൊളിക്കുന്നതും,

മാളികമേൽപൊൻചമതകൾ പൂത്തപോ-
ലാളിക്കത്തുന്നതുമഗ്നിയപ്പോൾ
തേവാരമന്ദിരം പൂകുന്നതും, ദുഷ്ടർ
ദേവബിംബങ്ങൾ തകർക്കുന്നതും,
മൂഷ്ക്കാൻചെന്നുതൊഴുപ്പുരപുക്കുടൻ
പയ്ക്കളെക്കൊണ്ടുവന്നങ്ങനിർത്തി

വെട്ടിരുധിരമൊഴിച്ചത്തിരുമുററ-
മൊട്ടുക്കശുദ്ധമാക്കീടുന്നതും,
അച്ഛനാമമ്മയും ഹന്ത മതംമാറാ-
നിച്ഛിയാതാർത്തരായ് കേഴുന്നതും,

ചോരയൊലിക്കും വാളോങ്ങിയിരുപാടും
ക്രൂരന്മാർ ഭർത്സിച്ചുകൊണ്ടവരെ
ആട്ടിന്നിണയെക്കശാപ്പിനായെന്നപോ-
ലാട്ടിക്കൊണ്ടെങ്ങോട്ടോ പോകുന്നതും,
ചൊല്ലിനാൾ ചിന്തിച്ചു ചിന്തിച്ചു പിന്നെയ-
മ്മല്ലാക്ഷി കണ്ണുനീർവാർത്തിരുന്നാൾ.

Digitized By Kerala Sahitya Akademi

മൈനയിതിനിടേ മാഴ്കാതെ ഭക്ഷിച്ചു
പാനവുംചെയ്തഹോ സൌഖ്യമായി
താനേരസിച്ചു മൃദുലമധുരമാം
ഗാനാമൃതം തൂവിക്കൊണ്ടിരുന്നു.

നൂനം നിന്നോമനസ്വാമിനിതന്മനം
മൈനേ, കുളിർമ്മിപ്പാട്ടുകേട്ടാൽ.
പക്ഷമവൾക്കതിലേറം നീയോരുന്നോ?
പക്ഷികൾക്കത്രവിവേകമുണ്ടോ?
എന്നാലവൾക്കിന്നീകണ്ണാമൃതം കണ്ണ-
സന്നിധിയിൽപ്പോലുമെത്തുന്നില്ല.
പത്രരഥമേ, നീ ചിന്തയറിവീല
ചിത്രം മനോരഥവേഗത്താലേ
ദുഃഖംകാണുന്നു സുഖകാലത്തും മർത്ത്യൻ
ദുഃഖകാലത്തും സുഖംകാണുന്നു!

'എമ്പ്രാട്ടി' 'എമ്പ്രാട്ടി' 'എമ്പ്രാട്ടി'യെന്നിതാ
സമ്പ്രതി പക്ഷി ചിലച്ചിടുന്നു.
സംഭ്രമമാന്നൊന്നു ഞെട്ടിയപ്പെൺകൊടി-
യമ്പോടതിനെ നോക്കുന്നു വീണ്ടും.

"ചൊല്ലികഴിഞ്ഞല്ലോയെന്നോമനെയെൻറ-
യല്ലൽനിന്നോടു ഞാൻ മിക്കവാറും
തെല്ലതിനാൽവിശ്രമിച്ചതാണെന്നെയെൻ-
ചെല്ലമേയെന്തിന്നു നീ വിളിച്ചു?
മാപ്പുതരികഥവാ ശേഷം മൽക്കഥ
കേൾപ്പാൻ മോഹിപ്പൂ നീയക്ഷമയായ്
അത്രമമതയാണല്ലോ നിനക്കെന്നിൽ
ചിത്രാംഗിയാം കൊച്ചുടപ്പുറപ്പേ.

Digitized By Kerala Sahitya Akademi

ആർഭാടമാന്മുഹമ്മദർക്കൂട്ടമാ-
യാപ്പുവിളിച്ചു പിരിഞ്ഞുപോയി.
ഇല്ലംവേകുന്നതും കണ്ടഹോ ഞാനൊരു
കല്ലിൻപ്രതിമപോൽ കാവിനുള്ളിൽ
വല്ലാതിരുന്നു വിഷണ്ണയായപ്പോള-
ങ്ങല്ലിൽ ദൂരെക്കോഴിക്കൂവികേട്ടു.
നേരംവെളുക്കരുതിന്നിയുമീലോകം
തീരെ ഞാൻ കാണരുതെന്നുംനോല്ക്കേ
പൂരിച്ചമൌനം പിളന്നുവന്നായൊലി
ക്കൂരമ്പുപോലെ തറച്ചു കാതിൽ.

"വല്ലദുഷ്ടന്മാരും വീണ്ടുംവരാമെന്നും
വല്ലേടവുംപോയ് പുലരുംമുമ്പിൽ
താനേശരണംതേടണമെന്നും വീണ്ടും
മാനംരക്ഷിക്കേണമെന്നുംതോന്നി.
ചാടിപ്പുറത്തുകടപ്പാൻ പടപ്പാലെ
പാടില്ലെന്നായ് പിന്നെ ഞാൻ കുഴങ്ങി
കാഞ്ഞിരം വേങ്ങമുതലാം മരങ്ങളി-
ലാഞ്ഞുവളഞ്ഞുപടന്നുചുററി
മുള്ളാന്ന ദാരുണമാകമിലകളും
വള്ളികളുംപൂണ്ട വാർപുനമ്പാൽ
കേറിയേടത്തുമിറങ്ങാൻ പഴുതില്ലാ-
തേറെ രുജയാന്നു ഞാനുഴറി
ചീനക്കണിക്കൂട്ടിൽചെന്നുകുടുങ്ങിയുഠം-
ദീനതതേട്ടമെലികണക്കേ.
വല്ലവാറും ധൈര്യമാന്നു തുനിഞ്ഞുടൻ
മെല്ലവേന്തുണനുഴഞ്ഞിറങ്ങി,

Digitized By Kerala Sahitya Akademi

മുള്ളുകൾതറച്ചു മുറിഞ്ഞുമുരഞ്ഞും മെയ്
വിള്ളുന്നവേദന ചിന്തിയാതെ,
അക്കിഴക്കേദിക്കു ശോണിതശോണനാ-
മർക്കനെപ്പെറ്റിടുംമുമ്പുതന്നെ,
അക്കാവിൻഗർഭത്തിൽനിന്നു പുറത്തായ് ഞാൻ
രക്താർദ്രമായ പൂമേനിയോടും.
രണ്ടാംജന്മംതാനെനിക്കതോർത്താലേതു-
കൊണ്ടുമന്നാൾമുതൽ ജാതിമാറി.
ഇണ്ടൽതേടുന്നുഞാനിപ്പുനർജന്മത്തിൽ
പണ്ടത്തെയോർമ്മയുണ്ടെന്നേയുള്ളു.

“കീറിക്കിഴിഞ്ഞോരു പാവുപുടവയും
വേറലങ്കാരവുമൊക്കെത്തള്ളി
മൂട്ടുപരിക്കൻപുതച്ചുവിട്ടന്നുഞാ-
നോടിക്കിഴക്കേ നിരത്തിലെത്തി.
തെക്കോട്ടുവച്ചുനടന്നു ദൂരംചെന്നു
പൊക്കത്തിലങ്ങൊരെടുപ്പുകാണായ്
ഉള്ളിൽവിളക്കെരിയുന്നുണ്ടുമാപ്പിള-
പ്പള്ളിയാണെന്നു ഞാൻ സംശയിച്ചു.
വെട്ടുവഴിക്കരികത്താകയാൽ നട-
ന്നൊട്ടടുത്തപ്പോളകത്തുകേക്കായ്
തിങ്ങിജ്ജനങ്ങൾ സംസാരിപ്പതുമിട-
യ്ക്കിങ്ങനെയങ്ങൊരാൾ കല്പിപ്പതും.

‘വെള്ളക്കാരെച്ചുട്ടൊടുക്കുവിൻ ജന്മിമാ-
രില്ലമിടിച്ചു കുളംകഴിപ്പിൻ
അള്ളായല്ലാതൊരുദൈവംമലയാള-
ത്തില്ലാതാക്കീടുവിനേതുചെയ്തും.’

Digitized By Kerala Sahitya Akademi

ഞെട്ടിപ്പോയ് ഞാനതുകേട്ടുവിറച്ചുപോയ്
കഷ്ടംതൊഴുത്തുവിട്ടോടിച്ചെന്നു
പേടിച്ചിരുന്ന പുലിതൻമടിയിൽത്താൻ
ചാടിയപൈക്കിടാവെന്നപോലെ.
കണ്ടില്ലട്ടത്തൊന്നാരേയും ഭാഗ്യത്താൽ
മണ്ടിനേൻപിന്നേയുംമൊട്ടുദൂരം
അങ്ങങ്ങുനില്ക്കും മരത്തിൻകടകളിൽ
തിങ്ങുമിരുട്ടിലൊളിഞ്ഞൊതുങ്ങി.
കാൽപെരുമാററമകലെയടിക്കടി
കേൾപ്പതായ്തോന്നിയെനിക്കുടനേ
അപ്പാതവിട്ടങ്ങൊരൂടുവഴികണ്ടു
കെൽപ്പോടെൻകാലുകൾ പാഞ്ഞതിലേ.
ആരോതുടരുന്നുണ്ടെന്നുപേടിച്ചു ഞാൻ
നേരവുമൊട്ടുവെളുത്തുപോയി.
ചേവതെളിയുംകളത്തിന്നടിപോലെ
പാരിടംകണ്ടുതുടങ്ങിമെല്ലേ.
പാടംവഴിയോടിവന്നുഞാൻ പൂക്കേനി-
മ്മാടത്തിൽമറെറാന്നും ചിന്തിയാതെ,
മാർഗ്ഗത്തിലെത്തും പരുന്തിനെപേടിച്ചോ-
രുക്കുരുവിക്കിടാവെന്നപോലെ.

"ഇപ്പോഴുംനെഞ്ചുകിതയ്ക്കുന്നിതേയോത്താ-
ലിപ്പോഴുംവീർപ്പുതടയുന്നിതേ.
ഇപ്പുല്ക്കുടിലെയുമിങ്ങുതുണനൽകാ-
നപ്പോൾകണ്ടാളെയും ഞാന്മറക്കാ.
ഹന്ത നിരൂപിച്ചാലല്പയാമങ്ങൾകൊ-
ണ്ടെന്തൊരുമാററമെനിക്കുവന്നു!

Digitized By Kerala Sahitya Akademi

ഏത്രയോജന്മംകൊണ്ടെത്തേണ്ടുംദിക്കഞാ -
നെത്രവേഗംവിട്ടിവിടെയെത്തി.
ഇത്രവേഗത്തിൽ വനത്തിലെപ്പൂവൊലി-
ച്ചെത്താ കടലിൽ മലവെള്ളത്തിൽ.
ഇത്രവേഗത്തിൽ മുകിലിലെ നീത്തുള്ളി-
യെത്താ നിലത്തിലുമോത്തുകണ്ടാൽ.
ഏന്നല്ലയെൻററസുഖവിഭവങ്ങള്ള -
മെന്നിലലിവേറമുററവരും
ഇമ്പമേകീടുന്നസത്ത്വവുംപോയിതേ
മുമ്പിൽനിന്നല്ലീ ലോകത്തിൽനിന്നും
ഏത്രകനകപ്രഭകോലുമദ്രിന -
മത്രയുംമൂടിയിരുട്ടടഞ്ഞു.
ഏത്രമനോജ്ഞമച്ചിത്രം ഹതവിധി-
യത്രയുംമാച്ചു മഷിയടിച്ചു.
ഒററയായ്പോകുന്നുവെന്നമരിപ്പോരെ -
പററിപ്പറയുമാറണ്ടുപണ്ടേ.
ഉറേറാരുമില്ലവുമെല്ലാംപ്പോയേകയായ്
തെറെറന്നുപോന്നോരം ഞാൻജീവിക്കുന്നു!
ഭഗ്നസത്ത്വസ്വയാം ഞാൻപിറന്നുള്ളോരു
ലഗ്നമേ, നീയിനിയുണ്ടാകല്ലേ.
ശോകങ്ങളിത്രവരാവതോ ലോകത്തിൽ
ലോകമേ, നീതന്നെ സത്യമാണോ?"
'ചാത്തൻ വന്നു' 'ചാത്തൻ' ഏമ്പ്രാട്ടി ഏമ്പ്രാട്ടി
'ചാത്തൻ' ഏന്നപ്പോരം കിളിപുലമ്പി
ആത്തസംഭ്രാന്തിയായാഞ്ഞുപുറത്തോട്ടൊ -
ന്നാസ്ഥയായ്നോക്കിമുഖംതിരിച്ചു്

Digitized By Kerala Sahitya Akademi

കുണ്ഠിതഭാവം കലർന്നു കിളിയോടു
ശണ്ഠകൂടീടിനാൾ ചെററ ചണ്ഡീ.
എന്തേനീയെന്നെപ്പരിഹസിച്ചീടുന്നോ
ചന്തത്തിലോതുന്നോ ഹന്ത! മൈനേ?
വെള്ളയിൽ ഞങ്ങളോടൊന്നിച്ചുമേവുംനീ
കള്ളംപറഞ്ഞു പഠിച്ചിടുന്നോ?
അല്ലെങ്കിൽ പാവംനിനക്കില്ലയേൽക്കയു-
മില്ലതലയ്ക്കുവെളിച്ചമൊന്നും.

"വന്നില്ലനിൻെറയജമാനനിപ്പൊഴും
കുന്നിൻനിഴലിങ്ങണഞ്ഞിട്ടില്ല
മുററത്തുവീഴുംവെയിൽ കാലംവൈകീട്ടും
ചെററമിന്നെന്തോ ചുവന്നിട്ടില്ല.
ചാഞ്ഞുപോയോരക്കൻ പിന്നെയുംമേൽപോട്ടേ-
ക്കാഞ്ഞുകയറുകയായിരിക്കാം
ഓർക്കിൽശരിയാണൊരുകഴിവുണ്ടെങ്കി-
ലാക്കിഷ്ടമാകുമധഃപതനം.

"കഷ്ടമെൻഭാവിയെനിക്കിന്നുകേവലം
മുട്ടകടങ്കഥയായിതല്ലോ.
ചിന്തിച്ചു ചിന്തിച്ചു ചേതന കാഞ്ഞിട്ടൊ-
രന്തം കാൺമീലിന്നുമെന്തുചെയ്‌വൂ
പ്രാണൻവെടിഞ്ഞീല ഞാനന്നഹോ മാന-
ത്രാണപരായണയാകയാലോ
ക്ഷീണഹൃദയതമൂലമോ ജീവനിൽ
പ്രാണിസഹജമാം പ്രീതികൊണ്ടോ.
ഇന്നതു ചെയ്യുവാനത്രതാൻതോന്നുന്നി-
ല്ലെന്നായ് ദിനങ്ങളുമേറെയായി.

Digitized By Kerala Sahitya Akademi

ച്ചത്തൻവ്രണത്തിൻെറ പീഡകറഞ്ഞുംപോ-
യുത്തേജനകവുമില്ലവേറേ.
അല്ലെങ്കിലുമാത്മഹത്യ വൻപാപമെ-
ന്നല്ലോ പറവതു ധർമ്മജ്ഞന്മാർ.
എന്നല്ലെനിക്കു തുണയ്ക്കും ജനത്തോട്
നന്ദിയില്ലെന്നുമാമിന്നു ചെയ്താൽ.

''ജീവിച്ചിരിപ്പതുമിങ്ങനെയെത്രനാൾ
പാവം കുലംവിട്ട കന്യക ഞാൻ.
പോവാൻ തരമില്ലയന്തണരിന്നെന്നെ-
ബ്ഭാവിക്കില്ലില്ലത്തെപ്പെൺകിടാവായ്.
വൈദികപ്രീതി വരുത്താൻ പണമില്ല
വേണ്ടവരില്ലതു നൽകുവാനും.
പക്ഷേയതെല്ലാം ലഭിച്ചാലുമിക്കറ
പ്രായശ്ചിത്തം കഴുകാത്തതാവാം.
കേവലമോക്കിലകായിൽത്താനുള്ള ഭൂ-
ദേവന്മാരാരാനുമായെന്നല്ല,
ദേവന്മാരുമായ് കണ്ടാലും നാരിമാ-
രാവിഷ്ടരാകുന്നു 'ശങ്ക'യാലേ.
സ്മാർത്തവിധിയാൽ പവിത്രയെന്നാകിലു-
മാർത്തയെന്നാകിലും 'സാധന'ത്തെ
കഷ്ടം പ്രേതംപോലെയോർത്തു ബന്ധുക്കൾ ''കൈ-
കൊട്ടിപ്പുറത്തു'' കളഞ്ഞിടുന്നു.
അന്തഃപുരത്തിലെ ശുദ്ധിയിൽ നമ്പൂരി-
യന്തണർ ദാക്ഷിണ്യഹീനരല്ലോ.
സ്വച്ഛമാം പാലിലൊട്ടെച്ചിൽവീണാലുമ-
തെച്ചിലിൽ വീണാലും ത്യാജ്യമല്ലോ.

Digitized By Kerala Sahitya Akademi

പിന്നെ ഞാൻ ചാടിപ്പോന്നിപ്പുലച്ചാളയിൽ
വന്നീവിധത്തിൽ വസിക്കയായി.
തിങ്കളും നാലഞ്ചുപോയി പരിഹാര-
ശങ്കയെന്തിന്നു ഞാൻ-ഭ്രഷ്ടയായി!

നാട്ടുംപുറത്തോ നഗരത്തിലോ വല്ല
വീട്ടിലുംപോയ് വീട്ടുവേലചെയ്യാൻ
നാട്ടമുണ്ടായില്ലയുള്ളിൽ ലഹളയാം
കാട്ടുതീമൂലം കഴിഞ്ഞുമില്ല.
ഇന്നെന്നെ നായന്മാർ തീയർ തുടങ്ങിയ
ഹിന്ദുക്കൾ ചെന്നാലും മാനിക്കില്ല.
ഉന്നതരാമവർക്കിപ്പുലച്ചാളയിൽ-
നിന്നുചെല്ലും ഞാൻ പുലയിതന്നെ.
അന്യമതങ്ങളിൽ ജാതിയില്ലെന്നുള്ള
ധന്യതയുണ്ടതു നേരെന്നാലും
ഇന്നിളക്കീടാവതല്ലെനിക്കുള്ളിൽവേ-
രൂന്നിയുറച്ച വിശ്വാസവൃക്ഷം
വിശ്വാസമല്ലോ വിളക്കു മനുഷ്യന്നു
വിശ്വാസം ജീവസത്ത്വസ്വമല്ലോ
കൈയ്യും പോമതു പോയാൽ കെട്ടമാരും
ചുക്കാൻ പോയുള്ളൊരു കപ്പൽപോലെ.

"മററു മതക്കാരിൽ മാപ്പിളമാരെന്നി
മററാരുമിങ്ങടുത്തില്ലതാനും.
മാപ്പിളമാരെന്ന ശബ്ദവും കയ്ക്കുന്നു
വേപ്പിലയേക്കാൾ ചെവിക്കുതന്നെ.
എന്തുചെയ്യേണ്ടതങ്ങോട്ടുപോകേണ്ടതീ-
യന്ധക്രൂപത്തിലടിഞ്ഞഹോ ഞാൻ.

Digitized By Kerala Sahitya Akademi

അന്തമില്ലാത്തുള്ളോരാഴത്തിലേയ്ക്കിതാ
ഹന്ത താഴുന്നു താഴുന്നു കഷ്ടം!
പിന്തുണയും പിടിയുംകാണാതുൾഭയം
ചിന്തി ദുഃസ്വപ്നത്തിലെന്നപോലെ
പൊന്താനാഴവന്നു കാൽനിൽക്കുന്നില്ലെൻെറ
ചിന്തേ ചിറകുകൾ നൽകണേ നീ"
പാട്ടൊന്നു പാടിയുടനെ മധുരമായ്
കൂട്ടിലിരുന്നകിളിയെന്നല്ല,
കോട്ടമകന്നഹോ മുററത്തുടൻ രണ്ടു
കാട്ടുപിറാക്കൾ പറന്നുവീണു.

പാട്ടുകയോമലേ, പാട്ടുകെന്നായ് മൈന-
യോടൊന്നലിഞ്ഞുടൻ ചൊല്ലിക്കൊണ്ടേ
ഓടിച്ചാൽ കണ്ണവൾ മുമ്പിൽനടന്നിര-
ത്തേടുമാരാണ്ടുവിരുന്നുകാരിൽ.
എന്നിട്ടടുത്തുപുറകേയിരുന്നോരു
പൊന്നെൽകതിക്കററതന്നിൽനിന്നും
ചെററെന്നൊരുപിടി നെന്മണിയൂരിയ-
മ്മുററത്തവയ്ക്കായവളെറിഞ്ഞാൾ.
തല്ലുംതിരകൾതൻനീർത്തുള്ളിചിന്നുമ്പോൾ
മെല്ലെക്കടൽക്കാക്കളോടിപോലെ.
നെല്ലിൻെറ മുഷ്ടി ചിതറിപ്പതിക്കവേ
തെല്ലൽപതിച്ചിട്ടവയിരുന്നു
കൊത്തിപ്പെറുക്കിയും നെന്മണി, യങ്ങുമി-
ങ്ങത്തിനടന്നുമവ കളിച്ചു.
ഓരോന്നുരച്ചിതാദ്ദീനയവയോടു
നേരിട്ടുമാത്മഗതങ്ങളായും.

Digitized By Kerala Sahitya Akademi

"ഓമനപ്രാണികളേ, വന്നിതിങ്ങെന്തു
കാമിച്ചിപ്പോഴുമററത്തു നിങ്ങൾ
ആമോദമുണ്ടഹോ കാണ്മവാനെന്നെപ്പോ-
ലമയമില്ലല്ലോ നിങ്ങൾക്കൊന്നും.
ഗ്രാമങ്ങൾ ചുററിത്തിരികയാമോ യഥാ-
കാമം നിങ്ങൾ യുവദമ്പതിമാർ?
പ്രേമമാന്നാരാനും ചൊല്ലിയിപ്പാവത്തിൻ
ക്ഷേമമന്വേഷിപ്പാൻ പോന്നതാമോ?
അല്ലെങ്കിലെൻെറ മൃതരായ മിത്രങ്ങൾ
വല്ലവരുംതന്നെയാമോ നിങ്ങൾ?
ഇല്ലല്ലോയിന്നെനിക്കൂഴിയിൽ നിങ്ങളെ
ചൊല്ലിയയയ്ക്കുവാനന്യരാരും,
മാഴ്കുന്നോരെന്നിലലിഞ്ഞഥവാ പര-
മാകുലരാം കുലദേവതമാർ
ഏകിയ ദൃത്യംവഹിച്ചുവരുന്നതാ-
മാകാശചാരികളായ നിങ്ങൾ.
ത്തമകലന്നോരീഹസ്തപത്രങ്ങളിൽ
കോമളമാം കൃഷ്ണരേഖകോലും
ദിവ്യാക്ഷരങ്ങൾ കാണുന്നുണ്ടെഴുതീട്ടു-
മവ്യാജശോഭം വരിവരിയായ്,
വായിക്കാമിന്നതെനിക്കുമെന്നെപ്പോലെ
കായുമുള്ളുള്ളോക്കമീപ്രകാരം.

"നോക്കുക സംതൃപ്തിയാൻചരിക്കുമി-
പ്രാക്കളെ, യെന്തിനു ഖേദിക്കുന്നു.
പുണ്ണാക്കുന്നില്ലിവ ചിന്തയാലുൾക്കാമ്പു
കണ്ണീരാൽ പോളവീർപ്പിക്കുന്നില്ല.

Digitized By Kerala Sahitya Akademi

കണ്ടാലറിവാൻ കഴിയാത്ത ഭേദത്താ-
ലിണ്ടലിവയ്ക്കില്ല "ജാതി" മൂലം.
സ്വച്ഛന്ദവൃത്തികളേവരുമന്യോന്യ-
മുച്ചനീചത്വങ്ങളൊന്നുമില്ല.
പേടിപ്പാനില്ലിവയ്ക്കൊന്നും വിലപെടും
വീടും പറമ്പും പണവുമില്ല.
നാളത്തേയ്ക്കിന്നു സമ്പാദിക്കുന്നില്ലൊരു-
നാളുമിവക്കില്ലലസതയും
തന്തടിപോററാൻ പണിയെടുത്തീടുന്നു
സന്തുഷ്ടി കൈകൊണ്ടു പെണ്ണുമാണും.
പൊൽത്തൂവെയിലിൽ പുറത്തു പറക്കുന്നു
നൽത്തെന്നൽ നിത്യം ശ്വസിച്ചീടുന്നു.
ആയതുകൊണ്ടിവയേലുന്നു പൂർണ്ണമാ-
മായുസ്സുംകെൽപുമഴകുമെന്നും.
"അത്രയുമല്ലിവതന്നുടെ ഗാർഹസ്ഥ്യ-
മെത്രമനോഹരമെത്ര ശുദ്ധം
തന്നുള്ള മാരിലലിഞ്ഞു ലയിക്കുമ-
ദ്ധന്യമായോരിണയെത്തനിക്കായ്
തന്നെത്താൻതന്നെ വരിച്ചുജീവിക്കുന്നു
പിന്നെ മരിപ്പോളം വേർപെടാതെ.
നശ്വരമെങ്കിലും നല്ലചെറുക്കൂട്ട
വിശ്വാസമാന്നിവ നിർമ്മിക്കുന്നു
ശാശ്വതമായിരുപേരുമായ് പോററുന്നി-
തീശ്വരൻ നൽകും കിടാങ്ങളേയും.
അന്യരതിയറിവില്ലിവയാത്താവെ-
യന്യോന്യം വഞ്ചിക്കുന്നില്ലിവണ്ണം

Digitized By Kerala Sahitya Akademi

ക്ഷേമമായ് കാലം നയിക്കുന്ന ധർമ്മത്തെ
രോമവർണ്ണംപോലും ലംഘിയാതെ

"സത്യമേ സത്യമിസ്സന്ദേശമെന്തിനു
കൃത്യസന്ദേഹമിനി നിനച്ചാൽ?
ചിത്തലതേ, തെന്നൽതല്ലും വഴിക്കുതാ-
നത്തൽതേടാതെ നീ ചാഞ്ഞുകൊൾക.
തന്നാലശക്യമായുള്ളതിൽക്ലേശിച്ചു
തന്നെ ദ്വേഷിച്ചു നശിച്ചിടാതെ,
മിന്നൽകൊടികളെക്കെട്ടിനിർത്തീടുവാൻ
സന്നാഹംകൂട്ടാതെ സാധുവാം ഞാൻ
ഇക്കട്ടംകോളിൽ കിടച്ചോരു പോക്കേറി-
യക്കരെ കാണ്മാൻ ശ്രമിക്കനെല്ലു.
ഈശ്വരസങ്കൽപ്പങ്ങൾക്കു വഴിപ്പെടാ-
താശ്വാസമെന്തു മനുഷ്യനുള്ളൂ?
ഉന്നതമായ മരത്തിൻശിഖരത്തിൽ
മിന്നും ഫലം ഞെട്ടി പൊട്ടി വീണു,
ആറെറാഴുക്കിൽപെട്ടൊലിച്ചോ ലാഘവതയാൽ
കാററിലടിഞ്ഞുപറന്നുപോയോ
വല്ലേടവുംപുക്കു താണതടങ്ങളിൽ
വല്ലതിലും ചെന്നു തങ്ങീടുന്നു
വല്ലാതെ പിന്നെച്ചെളിപുരണ്ടായതു
കില്ലാർന്നഹോ രൂപംകെട്ടന്നാലും,
നല്ലൊരു ബീജചൈതന്യമതിൽനിന്നു
മെല്ലെ മുളയ്ക്കുന്നു മോഹനമായ്
പല്ലവം പൂണ്ടു വളന്നു വൻവൃക്ഷ-
തല്ലജമായിതഴച്ചീടുന്നു.

Digitized By Kerala Sahitya Akademi

ഛായയും ശാഖയും ചന്തമേറും പൂവും
കായും കലർന്നതു താങ്ങലായ്യി
ആയാസമാററുന്നു ജന്തുക്കൾക്കെന്നല്ല
തായായ്ത്തീരുന്നു തരുക്കൾക്കുമേ.
തേയാതെ വർദ്ധിച്ചു പിന്നെ മഹാടവി-
യായതുമത്തുഴിയിൽ വ്യാപിക്കുന്നു.
ആരറിയുന്നിതഖിലനിയന്താവിൻ
പ്രേരണതന്റെ രഹസ്യമെല്ലാം.
"എന്തുകൊണ്ടെന്നെ ലഹളത്തിരക്കതിൽ
ഹന്ത! മുസൽമാന്മാരാരാഞ്ഞില്ല?
എന്തുകൊണ്ടൂരറിയാത്തൊരു ബാല ഞാൻ
ചിന്തിച്ചതോടിയൊളിച്ചുകൊൾവാൻ?
എന്നല്ലയെന്തു പാഞ്ഞിച്ചാളയിൽത്തന്നെ
വന്നുകയറുവാൻ ബ്രാഹ്മണി ഞാൻ?
എന്നുമല്ലെന്തു താനിങ്ങനെ ക്രൂരേലാ-
നെന്നുമറിയാ ചെറുമനെന്നിൽ?
ഇച്ചൊന്നതൊക്കെയും സംഭവിക്കാമെന്നു-
വച്ചാലുമെത്ര വിചിത്രമയ്യോ!
സ്വച്ഛന്ദവൃത്തിയറിയാത്തതായതി-
സ്വച്ഛകുലോൽപ്പത്തിശുദ്ധമായി
ഉച്ചഭാവത്തിൽ പരിചിതമായിട്ടും
മച്ചിത്തമുൽക്കമായെന്തിന്നുതാൻ
കാര്യമെന്നോരാതെ നോക്കുന്നു സൂര്യനെ-
സൂര്യകാന്തിപ്പൂ കണക്കവനെ?
കില്ലില്ല ഞാനെന്റെ കാലം നയിക്കുമി-
പ്പുല്ലുമാടത്തിൽ പുലയിയായ്ത്താൻ.

Digitized By Kerala Sahitya Akademi

അല്ലൽമറന്നു ചെറമികളോട്ട ഞാ-
നെല്ലാപ്പണികളും ശീലിച്ചീടും.
നേരത്തെയേറവടൻ പോകും പണിക്കന്തി-
നേരംവരേ നിത്യം വേലചെയ്യും
ഘോരവെയിലിലും മഴയും ഹിമവും ഞാൻ
സാരമാക്കാതെ സഹിച്ചുകൊള്ളും.
ചേറനിലത്തിലും ക്രസാതിറങ്ങി ഞാൻ
ഞാറനട്ടുമവക്കൊപ്പമായി.
കോട്ടംവരാതെയും കൈച്ചുറക്കാൻമ-
പ്പാട്ടിൻലയത്തിൽ മനമഴിഞ്ഞും
ചിററാമ്പൽപൂത്തെഴും തോട്ടുവഴിവയിൽ
പററിഞാൻ വാച്ച കളപറിക്കും.
മൂച്ച്യേറന്നല്ല പച്ചനെല്ലോലക-
ളീച്ച്വാളായെൻമെയ് കീറിയാലും
പൊൻപ്രഭയാൻറ പഴുത്തുനിലങ്ങളിൽ
തുമ്പിൻഘനംകൊണ്ടു ചാഞ്ഞടിഞ്ഞു
തങ്കത്തുങ്കമ്പിയിൽ വൈഡൂര്യമാലപോൽ
തങ്കുന്ന നീണ്ട കതിർനിരകൾ
അമ്പിലൊതുക്കിയൊതുക്കിപ്പിടിച്ചു ഞാൻ
മുമ്പിട്ടു മറേറകൈതന്നിൽ മിന്നും
അമ്പിളിപോലെ വളഞ്ഞൊരരിവാളാ-
ലിമ്പംകലർന്നുതാൻ കൊയ്തുകൂട്ടും.
മുററം വെയിലേററതിനിടെയെൻമൃദു
നെററിത്തടത്തിൽ പൊടിഞ്ഞുപൊങ്ങും
മുത്തിൻമണികളെ മാനിയാതാശു ഞാൻ
കൈത്തളിത്തുമ്പാൽ വടിച്ചെറിയും.

Digitized By Kerala Sahitya Akademi

ക്ഷീണിച്ചെന്നംഗങ്ങൾ തീരെത്തളന്നാൽ ഞാൻ
കാണിനേരം നിന്നു വിശ്രമിക്കും,
ആണത്തമാന്നുടത്തോലുമെൻ ചാത്തൻെറ
ചേണററ മേനിതൻച്ഛായപററി.
എത്തിയവൻ പിന്നെയങ്ങവരമ്പത്തു
കുത്തുമ്പാളയിലേലും തണ്ണീർ
ഉൾംതാരലിഞ്ഞുടൻ കൊണ്ടുവന്നേകും ഞാൻ
മുത്താർന്നു മോന്തുമമൃതുപോലെ.
പീഡയകന്നുടൻ പിന്നെയുംകൊയ്യും ഞാൻ
ചൂടേറമുച്ചവെയിൽ സഹിച്ചും,
പാടത്തിൽ പാകമാം നെല്ലിൻപുതുമണം
തേടിയെത്തും കുളുർതെന്നലേററം
കററകൾ കൂട്ടി ഞാൻ കെട്ടുമുടയോർതൻ
മുററത്തു പേറിക്കൊണ്ടിറക്കും.
കൊററിന്നെളിയ ചെറുമികൾ ചെയ്തിടും
മറെറല്ലാ വേലയും ഞാനെടുക്കും.
നൈരാശ്യവഹ്നിയിൽ നീറിനശിക്കുവാ-
നോരാതെയിങ്ങനെ നാൾകഴിക്കും.
നീരുജ ഞാനെൻെറ പാഴ്‌വയറന്യനു
ഭാരമാക്കാതെയും സൌഖ്യമായും.
"തെല്ലില്ലഭേദമീ യന്ത്യമാം നിശ്ചയം
ചൊല്ലുവൻ ചാത്തനോടിന്നുതന്നെ.
വല്ലവിധവും ഞാൻ സമ്മതിപ്പിക്കുവ-
നില്ലവനിന്നതിൽ ചായ്‌വെന്നാലും.
"ആഹാ! പുലയയുവാവേ നിൻബുദ്ധിയും
സ്നേഹവും താഴ്‌മയുമൗദാര്യവും

Digitized By Kerala Sahitya Akademi

ചാരിത്ര്യവുമറിയുന്നോർ ചണ്ഡാലനെ-
ന്നാരോക്കും നിന്നെ — ഹൃദയമുള്ളോർ.
ആൎത്തയായ്‌വന്നു കുടിലിലൊളിച്ചോരെൻ
വാൎത്തപോലും ദുഷ്ടമാപ്പിളമാർ
ഓരാതെ കാത്തെന്നെ രക്ഷിച്ചു നീ മഹാ-
ഘോരലഹള ചുററുംനടക്കേ.
നാണംകെട്ടത്തിയും സ്ത്രീജനത്തെത്താണു
കേണാലും ചാരിത്ര്യഭംഗംചെയ്തും
ഉണ്ണപോൽ നിൎത്തിത്തൊലിപൊളിച്ചുറേറാരോ-
മാണുങ്ങളെമുമ്പിൽവെട്ടിക്കൊന്നും
എത്രയോ ദിക്കിൽ മതഭ്രാന്തരായ് ദുഷ്ട
ചിത്തർ മഹമ്മദർ ഹിന്ദുക്കളിൽ
ക്രൂദ്ധരായ് നീചനീചങ്ങളാമോരോരോ
കൃത്യങ്ങൾ ചെയ്യുവതിന്നിടയിൽ
ഇത്രസമാധാനമുൾക്കൊണ്ടൊരുകല-
പുത്രിയെന്നെപ്പോലെ 'യേറനാട്ടിൽ'
നിശ്ചയം ജീവിച്ചിരുന്നിരിക്കില്ലത്ര
മെച്ചമായല്ലോ നീ എന്നെക്കാത്തു?
ഒട്ടേറെപ്പേരെയനുനയിച്ചും ചില
ദുഷ്ടരെജ്ജാടചൊല്ലിക്കഴിച്ചും
ഒട്ടുചിലരെ മല്ലിട്ടുമകററി നീ
പൊട്ടക്കുടിലിതെൻകോട്ടയാക്കി.

''അത്യുദാരൻ പിന്നെയെന്നിഷ്ടാനിഷ്ടങ്ങൾ
പ്രത്യഹമോതാതെതാനറിഞ്ഞു
പ്രത്യുപകരമോരാതെ ചെയ്യുന്നോരോ-
കൃത്യമോൎത്താൽ കണ്ണിൽനീർനിറയും.

Digitized By Kerala Sahitya Akademi

മററുപലയർതൻ പ്രാകൃതസമ്പൎക്കം
പററില്ലെനിക്കെന്നുമെന്നോർത്തല്ലേ
പെററമ്മതന്നെയും പെങ്ങളേയുംകൂടി
ഏററമകററുന്നു ക്രൂരേല്ലം നീ?
നിത്യവും കായ് കിഴങ്ങാദിയാംഭോജ്യവും
ശുദ്ധജലവുമെനിക്കായി നീ
കൃത്യമായ്ക്കൊണ്ടുവന്നേകുന്നു നാൾതോറും
വൎദ്ധിക്കുംസ്നേഹാദരങ്ങളോട്ടം.

"ഹന്ത! തരുണൻ സുമുഖൻ ദൃഢകായ-
നന്തികത്തിങ്ങനെനീയേകയാമെൻ
അന്തികത്തെങ്ങാനുംതങ്ങിയുറങ്ങുന്നു
ചിന്തവേറില്ലാത്ത പൈതൽപോലെ.
പ്രായത്തിന്നുള്ള ചാപല്യത്തെ ബന്ധിക്കു-
മായതമാമീവിനയപാശം
ആയത്തമില്ലിതുപോലൊതിക്കൊന്മാൎക്കും
പ്രായേണ തോലിട്ടോരുണ്ണിമാൎക്കും
നല്ലോരവസരംവന്നാൽവിഷയങ്ങ-
ളെല്ലാരെയും ഭ്രമിപ്പിക്കുമെന്നായ്
ചൊല്ലുന്നതുപൊളിയാക്കി, നീയുണ്ടാവാ-
നില്ലസൗകൎയ്യമീവണ്ണമാൎക്കും.
ഇങ്ങനെയൊന്നുമില്ലാതെയുമെത്രയോ
പൊങ്ങുമനസ്സിലിരിപ്പവർതൻ
ഹാസജനകമാമോരോ ചരിത്രങ്ങൾ
ദാസിമാർ ചൊല്ലി ഞാൻ കേട്ടിരിപ്പു.
"എത്ര വിലപെറും വസ്തു നീ ഹാ ചാത്താ?
ചിത്രം നീ നിന്നെയറിയുന്നില്ല.

Digitized By Kerala Sahitya Akademi

താണുകിടക്കുമീരത്നത്തെ മുങ്ങും ഞാൻ
കാണുമാറായ് വിധിസങ്കല്പത്താൽ.
നക്ഷത്രംപോലെ കയ്യെത്താത്ത ദൂരത്തിൽ
നിക്ഷിപ്തമല്ലിതുയരെയല്ല
ഞാൻ ചെന്നടിയുന്നദിക്കിൽ ജ്വലിക്കുന്നു
വാഞ്ഛരിക്കും ഞാനതെടുത്തണിവാൻ."
"ഹാഹ! ഭഗവൻ ജഗദീശ! നിൻതിരു-
മാഹാത്മ്യമാന്ന ഗുണങ്ങളാകും
സത്വവിശുദ്ധിയും സ്നേഹവും തേജസ്സു-
മുത്തമജാതിയിലെന്നപോലെ
അന്ത്യജന്മാരിലും കാണുകിലങ്ങേയ്ക്കി-
ങ്ങെന്തേയിവർതമ്മിൽ ഭേദമുള്ളു?
കില്ലില്ല ധാതാവേ! നിന്റെ തൃക്കണ്ണിനു
തെല്ലുമിജ്ജാതിഭേദങ്ങളില്ല.
പണ്ടു മഹർഷിമാർതന്നെ പതിതരാം-
തണ്ടാർനയനമാരിൽ ജനിച്ചു.
കൊണ്ടാടത്തക്കവർ താണകുലങ്ങളി-
ലുണ്ടായിരുന്നിടക്കാലത്തും.
'പാക്കനാർ' 'നാരായണഭ്രാന്തർ' തൊട്ടുള്ള
യോഗ്യരാം യോഗീന്ദ്രന്മാരെത്തന്നെ
ഓർത്താൽ പറയിതൻനന്ദനന്മാരെന്നു
കീർത്തനംചെയ്യുന്നു കേരളീയർ.
വിത്തുനന്നായാൽ വിളവുനന്നാം ഗുണ-
മെത്താത്ത പാഴ്കണ്ടത്തിൽപോലും
ഉത്തമമായ നിലത്തിൽ വീഴുംവിത്തു
സത്തല്ലെന്നാലും ഫലം നന്നാവാം.

Digitized By Kerala Sahitya Akademi

പിന്നെയീയുള്ളിൽ മികവാന്ന ബീജത്തിൽ-
നിന്നും മുളച്ചെഴും സന്താനങ്ങൾ
ധന്യരായ് ത്താൻതീരും ലോകത്തവർമൂല-
മന്യാദൃശമാം ഗുണമുണ്ടാവും.

"യോഗ്യനാം ചാത്തന ജന്മമേകീട്ടവാൻ
ഭാഗ്യമുണ്ടായൊരിത്താണവംശം
പക്ഷേയവൻെറ കിടാങ്ങൾ പരിഷ്കരി-
ച്ചുൽക്ഷേപിച്ചീട്ടമട്ടത്തകാലം.
ഉന്നതമാകുമീയുദ്ദേശമൊന്നാൽ താൻ
ഖിന്ന ഞാൻ പ്രേരിതയല്ലെന്നാലും
എന്നെയധഃപതിപ്പിച്ച വിധേ! നിൻെറ-
യുന്നമിതെങ്കിൽ ഞാൻ ധന്യയായി.
ഇണ്ടൽപിണഞ്ഞു പുറത്തായി നമ്പൂരി-
വണ്ടാർകുഴലിമാരെത്രയോപേർ
പണ്ടുപണ്ടേയവർ പോയവഴിയെല്ലാം
കണ്ടവരാരുമില്ലാകയാലെ
കാണിയും കില്മഷമേശാതെയാപത്തിൽ
വീണൊലിച്ചിങ്ങെത്തി വൻകയത്തിൽ
താണുകിടക്കുംസഹജരെപ്പൊക്കുവാൻ
താണതാണെങ്കിൽ ഞാൻ ധന്യയായി."

"അത്യാഹിതത്തിലുമിഷ്ടമില്ലാത്തുള്ള
ഹസ്തമൊന്നെൻമെയ്യെ സ്പർശിയാതെ
ഇത്രകാലം കാത്തൊരമ്പാന്ന ലോകൈക-
മിത്രമേ സവ്വജഗൽപിതാവേ!
കേവലമിന്നീയെളിയ മനോരഥം
കൈവരുവാൻ കേണിരന്നീട്ടുന്നേൻ.

Digitized By Kerala Sahitya Akademi

പാവമിപ്പെൺകിടാവായതും വിറല്ല,ത്താ-
ലാവിലമാകായ്വാൻ പ്രാൎത്ഥിക്കുന്നേൻ."

എന്നോമനമുഖമൊന്നുയൎത്തിത്തൻപി-
ന്നുന്നീതതാരയായ് വിണ്ണിൽനോക്കി
മേലേഞെരുങ്ങിയിരുണ്ടു നിരന്നകൺ-
പീലിക്കറുകനാമ്പിൻനിരമേൽ
വെള്ളപ്പനിത്തുള്ളിയായ് കണ്ണുനീൎക്കണം
തുള്ളിനില്ക്കുന്നമിഴികളാലേ.
പ്രാൎത്ഥിച്ചുകൊൾക മനസ്വിനി! നിന്നിഷ്ടം
പൂൎത്തിയാക്കീടട്ടെ സൎവ്വശക്തൻ.
ആൎത്തയാംനിൻെറ മനോഗതം ശ്ലാഘ്യമാ-
ണോൎത്തുനോക്കുമ്പോൾ പലതുകൊണ്ടും.
സ്വന്തഗുണവും മഹിമയും സ്നേഹത്താൽ
ഹന്ത! നീ വിസ്മരിക്കുന്നെന്നല്ല,
തന്നെത്താൻതാണിന്നു, താഴ്ന്നലക്ഷ്യങ്ങളെ
യുന്നമിപ്പിപ്പാനും മോഹിക്കുന്നു,
സാദ്ധ്യമായാലുമതല്ലെങ്കിലും നിൻെറ
ഭേദ്യമല്ലിത്തൊരീ നിശ്ചയത്താൽ.
ഉല്പതിഷ്ണുക്കളാം ജാതിപരിഷ്കാര-
ജല്പകന്മാരെ നീ തോല്പിക്കുന്നു.
എന്നല്ല സ്വസ്ഥിതിക്കൊത്തുസംതൃപ്തിപൂ-
ണ്ടിന്നു ജീവിപ്പാനൊരുങ്ങുന്നു നീ.
കാലദേശാവസ്ഥകൾക്കടിമപ്പെട്ടു
ലോലത തേടാത്തൊരിന്നിലതാൻ
ശ്രേഷ്ഠതരമാം മനുഷ്യമഹത്വത്തിൻ
കാഷ്ഠയായ് കാണുന്നു പണ്ഡിതന്മാർ.

Digitized By Kerala Sahitya Akademi

പിന്നെ നീ പാവനശീലേ! കരണീയ
മൊന്നുമോരാതെ നിന്നന്തരാത്മാ
ചൊന്ന വഴിപോവാൻ തീർച്ചയാക്കുന്നതും
നിന്ദ്യമല്ലോർക്കിൽ നിനക്കു ഭദ്രേ.
പാലാഴിതന്റെ തരംഗങ്ങളെക്കാളും
കൈലാസശൃംഗനിരയെക്കാളും
ധാവള്യമേറുന്ന നിന്റെയുൾത്താരിൽത്താൻ
മേവുന്ന ലോകനിയന്താവിന്റെ
കല്പനകേട്ടു മറെറാന്നുംഗണിയാതെ.
നിർഭയമായ് നീ നടന്നുകൊൾക.
പിന്നെയുംചിന്തിച്ചാൾ നിശ്വാസപൂർവ്വമ-
ക്കന്യകയോരോന്നന്തഗതമായ്:
"ഞാനൊന്നും പ്രാർത്ഥിച്ചറിവില്ലൊരുവനെ
ധ്യാനിച്ചുമോർമ്മയില്ലിത്രനാളും
ഉന്മഥമായിങ്ങെനിക്കു പതിനെട്ടു
ജന്മനക്ഷത്രം കഴിഞ്ഞെന്നാലും,
ഒന്നാമതെല്ലാവിഭവവുമാന്ന ഞാ-
നൊന്നും കാണാഞ്ഞതാം പ്രാർത്ഥ്യമായി.
പിന്നെ പ്രണയമന്ധമാരേലുക-
യെന്നതു ഞങ്ങളോരാത്തതല്ലോ.
സച്ഛരാം നമ്പൂരിനാരിമാക്കുദ്വാഹം
നിശ്ചിതമായ വിധിയല്ലല്ലോ.
പെൺകൊടയില്ലത്തുണ്ടാകിലും കന്യയ്ക്കു
പങ്കമില്ലല്ലോ തിരഞ്ഞെടുപ്പിൽ,
എന്നാലുമെന്നുൾക്കുരുന്നിന്നടിത്തട്ടിൽ
മന്ദപ്രഭമായ് ലയിച്ചിരുന്നു

Digitized By Kerala Sahitya Akademi

ഒന്നുരണ്ടോശാശകലങ്ങൾ കേവലം
കന്യാസഹജമാം കൗതുകത്താൽ;
നിർദ്ധനനെന്നാലുമെന്നെ വേൾക്കുന്നയാൾ
വിദ്യാപരനായിരുന്നിടേണം,
രൂപവാനല്ലെങ്കിലുമപ്പുമാനന്യ-
സ്ത്രീപരനാകാതിരുന്നിടേണം.
എന്നൊക്കെയാണതൊട്ടവിലത്തേതതി-
ലിന്നു സഫലമായെന്നുചൊല്ലാം.
എന്മനതാരിലിരിപ്പവനന്യയി-
ലുന്മുഖനല്ല വേട്ടിട്ടുമില്ല.
എന്നുമല്ലിത്താർണജാതിയിൽ ഞാനോർത്ത
ദുന്നയമുള്ളതായ് തോന്നുന്നില്ല.
നാഗരികതമോർത്തൊരിസ്സാധുക്കൾ
ഭോഗപരായണരല്ല നൂനം.
സത്യമാണായതെന്നാകിലതിന്നഹോ
നിത്യം തൊഴുതു ഞാൻ പ്രാർത്ഥിക്കുന്നേൻ:
തത്താദൃശമായ നാഗരികതമേ!
എത്തായ്ക നീയീയെളിയദിക്കിൽ.
പിന്നെയവന്നഹോ വിദ്യയില്ലെന്നുള്ള-
തൊന്നാണതോർക്കിൽ സാരമില്ല,
എന്നല്ലതൊട്ടു പരിഹരിക്കാമിനി-
ക്കെന്നാൽകഴിയുംപ്രകാരമെല്ലാം.
ഏതും ഗ്രഹിക്കുവാനന്വേഷമുണ്ടവ-
ന്നേതും ധരിക്കുവാനുണ്ടു ശക്തി,
ഏതുമൂഹിച്ചറിയുന്നുണ്ടു സൂക്ഷ്മമായ്
മേധാവിയാണവനാകയാലെ.

Digitized By Kerala Sahitya Akademi

സംസ്കൃതമല്ലെങ്കിലും സദ്ഗുണമാന്ന-
മസ്തിഷ്കവെള്ളിത്താളികയിന്മേൽ
ശിക്ഷയിൽ സ്നേഹാക്തമായെഴും വത്തിയി-
ലക്ഷരപ്പൊൻദീപം ഞാൻ കൊളുത്തും.
ഏറ്റമവൻെറ ഗുണഗണം വിദ്യയാൽ
മാറിപ്പോം ബാഹ്യമലിനതകൾ
വേലയിൽ സാമത്ഥ്യം വദ്ധിക്കും സമ്പത്തും
ചാലെയവനുണ്ടാം മാന്യതയും.
ഉള്ളത്തിനീചന്നമക്ഷരയോഗത്താൽ
ക്ഷിപ്രം മഹിമ തടവിടുന്നു,
സിദ്ധരാസപ്രയോഗത്തിനാൽ ചെമ്പുതാ-
നത്തമകാഞ്ചനമാകുമ്പോലെ.

"ചാത്തൻെറ മേന്മകണ്ടുണ്ടാകമുന്നതി-
ക്കാസ്ഥ മററുള്ള ചെറമക്കൾക്കും.
രാവിലവരിൽ ചിലരെയെഴുതിക്ക-
മാവുംവിധം ഞങ്ങൾ രണ്ടുപേരും.
അങ്ങനെയുദ്യമിച്ചീവഗ്ഗം മെല്ലവേ
പൊങ്ങമാറാക്കും പലവിധവും.
ഇശ്രമത്തിങ്കൽ സഹായിക്കാം ഞങ്ങളെ
വിശ്രുതരാം പല യോഗ്യർതാനം.
പിന്നെയധികാരകേന്ദ്രങ്ങൾമൂലമായ്
മന്നവൻ ഞങ്ങളെയാംഗലേശൻ,
ഉത്സാഹിപ്പിച്ചെന്നുമാം പതിതപ്രജാ-
വത്സലൻ ഭാരതസാവ്വഭൌമൻ
അകൃപാമൃത്തിതൻ ധമ്മത്തിലൊന്നുപോൽ
ചൊൽക്കൊള്ളുമിപ്പതിതോദ്ധാരണം.

Digitized By Kerala Sahitya Akademi

''നിശ്ചയം ചാത്തനെ ഞാൻ പഠിപ്പിച്ചീടും
വിശ്വാസമേറുന്നിക്കാര്യത്തിങ്കൽ,
ഈശ്വരവാക്യങ്ങൾപോലിവിചാരങ്ങ-
ളാശ്വാസമേകുന്നിതുൾക്കാമ്പിങ്കൽ.

"ആരംഭത്തിങ്കൽ വരമൊഴിവാസന
തീരെയില്ലെങ്കിലും മന്ദംമന്ദം,
പാരം സമുത്സുകനാക്കുമവനെ ഞാൻ
ചാരുപുരാണകഥകൾ ചൊല്ലി;
ചാട്ടവാക്കോതിയുത്സാഹിപ്പിക്കും; പിന്നെ-
പ്പാടികേൾപ്പിക്കും ഞാൻ ഭംഗിയായി
ഗാഢേതരമതിയാമവനു കൃഷ്ണ-
ഗാഥയിലുള്ളോരു സന്ദർഭങ്ങൾ;
കാലികൾമേച്ചു നടന്ന കാർവർണ്ണൻെറ
ശീലങ്ങളോരോന്നുമെന്നുവേണ്ട
ഓലുംരസത്തിൽ മനമലിക്കും "രാസ-
ലീലയും" പാടും ഞാൻ നാണിയാതെ.
നീരസഭാവമിയന്നുടൻ നിശ്ചയം
പാരംചൊടിച്ചു ചോദിക്കും ചാത്തൻ
പാരിൽ നിരക്കാത്തതായോരഗ്ഗോപികാ-
ജാരൻെറ ധൂർത്തിനെപ്പററി മുററം.
വന്ദ്യനാമീശൻെറ വാർകുലാജാതനാം
നന്ദാത്മജനിൽ നരനുപോലും
നിന്ദ്യമായുള്ള നടപടി കാൺകയാൽ
സന്ദേഹിക്കും ചാത്തൻ സച്ചരിതൻ.
വാർമെത്തുമൊററപ്പൂരികം ചുളിച്ചു പൽ-
പ്പൂമൊട്ടാൽ കീഴ്ച്ചുണ്ടിൻകോണമർത്തി

ഹാ! മിഴിമഞ്ജിയുടൻ നില്ക്കും ചാത്തനെ
കാർമുകിൽവർണ്ണനെ—വീക്ഷിക്കും ഞാൻ;
ഉമ്മവയ്ക്കും ഞാനാടനേയെഴനേററാ-
നാൺമവിളങ്ങുന്നത്തുമുഖത്തിൽ,
സമ്മോഹനമാം വികാരങ്ങളേലുന്ന
ചിമ്മിയകണ്ണിലും, ചില്ലിമേലും.
''പിന്നെ വഴിയേതാൻ വ്യാഖ്യാനിച്ചീടും ഞാൻ
കന്നൽനേർവർണ്ണൻെറ ലീലയല്ലേലും.
ആദ്ധ്യാത്മികാർത്ഥങ്ങൾ ഞാനോരുംപോലെഴും
ബോദ്ധ്യമാമ്മാറമവനോരോന്നായ്.
അങ്ങിനെ സംസ്കരിക്കും ഞാനവനാളിൽ
മങ്ങിയെഴുന്ന മതബോധങ്ങൾ.
ഞങ്ങൾപുലയർക്കുള്ളാരാധനകളെ
ഭംഗിയായ് പിന്നെപ്പരിഷ്കരിക്കും."

ഇങ്ങിനെയൊക്കെ വിചാരിച്ചുത്സാഹവും
തിങ്ങമൗൽസുക്യവുമാൻ തനപി
അങ്ങൊട്ടിരുന്നാൾ സമയമറിയാതെ
പൊങ്ങും മനോരാജ്യഭ്രുതിനോക്കി
മുററത്തുകണ്ടോരാപ്രാക്കൾ പറന്നുപോയ്,
ചെററല്ലധികമായ് നേരമിപ്പോൾ.
ഏന്നല്ല താണനിലത്തുനിന്നും വെയി-
ലൊന്നായ് ത്തിരശ്ശീലപോലുയൻ
അക്കനം താണ്കലത്തു പടിഞ്ഞാറേ
ദിക്കിൻെറകോണിൽ പുരോമുഖമായ്,
ചെങ്കതിക്കററയൊതുക്കിയടുത്തങ്ങ
തങ്കുന്ന കുന്നിന്മുകളിലൂടെ

Digitized By Kerala Sahitya Akademi

തീക്കളിയിൽ കടതെററിപ്പതിച്ച വൻ
പൂക്കുററിപോലെരിഞ്ഞുനിന്നു.
നേത്തനിബിഡമല്ലാതെഴം മഞ്ഞിൻെറ
നീത്തുള്ളിയാൽ മങ്ങിയന്തരീക്ഷം
നീരാവിതട്ടും നിലക്കണ്ണാടിക്കെഴം
വാരുററ ഭംഗി വഹിച്ചുനിന്നു.
ദൂരെക്കിഴക്കു കരിമ്പനതന്മേലും
പേരാൽത്തലമേലും കുന്നിന്മേലും
പാരം മനോജ്ഞമാം മഞ്ഞവെയിലൊട്ടു-
നേരം തങ്ങിക്കണ്ടിതാവഴിയായ്
കഷ്ടതരമാം ലഹളയിൽ സവ്വവും
നഷ്ടമായ്പോയോരദ്ദേശലക്ഷ്മി
പുഷ്ടിതേടാനമ്പർ ക്കുറാന്നു മേൽനിന്നു
കെട്ടിയയയ്ക്കും പൊൻഭാണ്ഡംപോലെ.
പിന്നെയമ്പ്ഭാനുമാൻ മുങ്ങീട്ടുമദ്ദിക്കിൽ
ചിന്നി മനോഹരകാന്തിപൂരം,
ഓമനത്തുമുകിൽത്തുണ്ടുകളങ്ങുള്ളം
വ്യാമോഹിപ്പിച്ചു തിളങ്ങിനിന്നു.
പൂമരംപോലെയും പൊൻവല്ലിപോലെയും
താമരപൂത്ത കുളംപോലെയും
നേരിയമഞ്ഞിൻതിരയ്ക്കുള്ളിലാക്കാഴ്ച,
പാരംമനോജ്ഞവുമായിരുന്നു.
അല്ലെങ്കിലന്നഭോഭാഗമട്ടുത്തുതാൻ
മെല്ലെയരങ്ങേറാനോങ്ങിനില്ക്കും
ഫുല്ലസുമാലംകൃതയാം വസന്തശ്രീ
ചൊല്ലിയാട്ടും പൂങ്കുളരിതന്നെ.

Digitized By Kerala Sahitya Akademi

സന്ദേഹമില്ലിതാ "സാധകം'' ചെയ്യുന്നു
മന്ദം മുരളിയൊരാൺകയിലും
പാടത്തിൻ തെക്കേക്കരയിൽ തൊടിയിൽ കൊ-
മ്പാടാതെനില്ക്കും തൈമാവിലൊന്നിൽ.

സങ്കോചിച്ചഗ്രം പരംപിന്നെ നീണ്ടുള്ളം
സങ്കർഷിക്കുന്ന കയിലിൻനാദം
അങ്കുശംതാനായ് ചെവിക്കെന്നുതോന്നുമ-
പ്പെൺകൊടിയാളതു കേട്ടു ഞെട്ടി

അല്ലല്ലയന്തിയായ് നേരം, വരാൻവൈകു-
കില്ലിനിച്ചാത്തനെന്നുന്മുഖിയായ്
പിന്നെയിരിപ്പുവെടിഞ്ഞെഴുന്നേററവൾ
ചിന്നിയ കുന്തൽ പിന്നോട്ടൊതുക്കി
മെല്ലെയിരുന്നുകഴച്ച പൂവംഗങ്ങ-
ളെല്ലാം തിരുമ്മിയങ്ങൊട്ടുനിന്നു.
എന്നിട്ടു മൂട്ടപുടവ വലിച്ചിട്ടു
സന്നതഗാത്രി മുഖംമറച്ചു.
മന്ദം വെളിയിൽകടന്നു വടക്കോട്ടു
ചെന്നവൾ വേഗം ജലമെടുത്തു.

തുമുഖവും കഴൽത്താരും കഴുകിയ-
ക്കോമളഗാത്രി തുടച്ചുചെമ്മേ
ചെററതിരിഞ്ഞു പടിഞ്ഞാട്ടുടൻനോക്കി-
തെററെന്നു പിന്നെ മുഖംതിരിച്ചു
ഉറെറാരുൽക്കണ്ഠ കലന്ന കൺകോണുകൾ
മുററം കിഴക്കോട്ടുവൾ നയിച്ചാൾ
നിൽക്കാതുഴറിപ്പോയ് വീണ്ടുമച്ചാളയിൽ
പുക്കാൾ, സങ്കോചംപൂണ്ടായകത്തോൾ.

Digitized By Kerala Sahitya Akademi

അഞ്ചി മാതാവിൻചിറകടിപൂകുന്ന
പിഞ്ചുപക്ഷിക്കിടാവെന്നപോലെ.

പാട്ടും കളികളുമൊക്കെവെടിഞ്ഞുതൻ-
ക്കൂട്ടിൽ കോലിന്മേൽ പതിഞ്ഞിരുന്നു,
ആമഞ്ജുകണ്ഠം വളച്ചു പൊൻവക്ത്രമൊ-
രോമൽച്ചിറകിന്നടിക്കൊളിച്ചു
മൌനമായ് കണ്ടാൽ മനോഹരമാമ്മാറ
മൈനയുറങ്ങുന്നു ശാന്തമായി.

താനിരുന്നോരു പനമ്പായതിൻപൊടി
തട്ടിത്തുടച്ചുവിരിച്ചു വീണ്ടും,
പീനനിതംബയാൾ പിന്നെയുമങ്ങതിൽ
പശ്ചിമദിക്കുനോക്കീട്ടിരുന്നു.
താരൊളിച്ചെങ്കുഴലൊന്നു മറേറപ്പീവ-
രോരുകാണ്ഡത്തിന്മേലേററിവച്ചു,
ചാരുകരവല്ലികൾ വിലങ്ങെത്തിരു-
മാറണിക്കച്ചയ്ക്കു താഴെച്ചേർത്തു,
പ്രേമമിയന്നു ജഗൽപിതാവിൻകഴൽ-
ത്താമരയുൾത്താരിൽ താങ്ങിനിർത്തി,
ഓമൽമിഴികളുമൊട്ടുപൂട്ടിസ്സന്ധ്യാ-
നാമജപമായി നീരജാക്ഷി.

പക്ഷികളൊക്കെപ്പറന്നുപോയങ്ങങ്ങു
വൃക്ഷങ്ങളോരോന്നിൽ ചേക്കണഞ്ഞു
മററിനിശ്ശബ്ദത മങ്ങും വെറുംവയ്ക്കോൽ-
കുററിയാൻഭള്ളോരപ്പാടമെങ്ങും,
അപ്രദേശത്തിൻെറ ശൂന്യതകാലവും
കെൽപ്പിൽ പകർത്തിയെടുത്തപോലെ.

Digitized By Kerala Sahitya Akademi

അല്ലംപകലുമിരുട്ടും വെളിച്ചവു-
മില്ലാത്ത ശാന്തമാം വേളയായി.
അല്ലല്ല തോട്ടവരമ്പെയൊരാൾ കൈയിൽ
ചില്ലറയെന്തോപൊതികളുമായ്
ഇല്ലിപ്പടർപ്പോളമെത്തിത്തെക്കോട്ടിതാ
മെല്ലെത്തിരിഞ്ഞു പാടത്തിറങ്ങി
ഇങ്ങോട്ടുതന്നെവരികയാണവ്യക്തി
പൊങ്ങുമുത്സാഹത്തോടെന്നല്ലോർത്താൽ
ആരും കാണാതെ മറന്നുകിടക്കുമൊ-
രൂരിൽപൊളിഞ്ഞ പാഴമ്പലത്തിൽ
കൊററിനായങ്ങന്തിശ്ശാന്തിക്കു പോമൊരു
പോററിയെക്കാൾ വായ്ക്കും ഭക്തിയോടും,

സത്യമാരാധകാ ചെല്ലുക നീ ദീപം
കത്തിക്കയമ്പിലീയമ്പലത്തിൽ.
ഉൽസുകയായതിൽ കാത്തിരിക്കുന്നു നിൻ
വത്സലദേവത വൈകൊലാ നീ.
പൊട്ടപ്രതിമകളൊന്നുമല്ലായത-
മ്പൊട്ടമേലാത്ത ശിലയുമല്ല.
സൃഷ്ടികർത്താവിൻെറ തൃക്കരപല്ലവം
വിഷ്ടപത്തിങ്കൽ ചമച്ചിട്ടുള്ള
ശിഷ്ടരൂപങ്ങളിലൊന്നാണു നിൻകണ്ണി-
നിഷ്ടമായുള്ളതുമാണെന്നല്ല,
സ്നേഹത്താൽ നിത്യമലിഞ്ഞും, വിജ്ഞാനത്തിൽ-
ഗേഹമാം ജ്ഞാനത്താൽ ദീപ്തമായും,
മോഹമെന്യേ ക്രിയാശക്തിപൂരങ്ങളെ-
ദ്ദോഹനംചെയ്യുമെഴും, മഹത്താം

Digitized By Kerala Sahitya Akademi

ചൈതന്യമേലും പൊരുളാണതുപിന്നെ-
ക്കൈതവപൂജകനല്ലനീയും.
പൂജിക്ക പോകയദ്ദൈവം ഗണിക്കില്ല
പൂജകനെ ജന്മദാസനായും.
അന്യോന്യമാശ്രയിച്ചീലോകം നില്ക്കുന്ന
ധന്യമാം സേവനതന്ത്രരഹസ്യം,
തന്നത്താൻ കണ്ടുതെളിഞ്ഞ ചിച്ഛക്തിത-
ന്നന്യൂനമായെഴുമക്കലയെ
ചെന്നുസേവിക്കുക, ദൈവേച്ഛയാൽ നിന്നെ
വന്നുവരിക്കുമിദ്ദേവതയെ.
കൊണ്ടുചെന്നർപ്പിക്കതിന്റെ പാദത്തിലക്കാ-
ത്തണ്ടലരൊത്തനഭിഷേകംചെയ്ക,
ഇണ്ടലകന്നിഹപരസൗഖ്യങ്ങൾ
രണ്ടും നിനക്കതുമൂലമുണ്ടാം.

മാടത്തിൻമുററത്തു വന്നിതാകേറിയ-
ക്കോടക്കാർവർണ്ണമേലുന്നകായം.
നെഞ്ചുവിരിഞ്ഞു ദൃഢാവയവങ്ങളാ
ന്നഞ്ചടിയോളമെകരമായി,
അഞ്ചിതമായ മിഴികളിയന്നോമൽ-
കുഞ്ചിതവാർചികുരം കലന്നു,
സച്ഛമല്ലെങ്കിലും ക്ഷാളിതമാം ചെറു
ക്കച്ചമുണ്ടൊന്നാലരമറച്ചു,
ചൊന്നപൊതികളിലൊന്നു കൈയിൽതാങ്ങി-
യൊന്നുകൈചേർത്തു തൻമാറിൽ താങ്ങി-
കന്നിന്റെ കൊമ്പിൽ കടഞ്ഞുതീർത്തംഗങ്ങ-
ളൊന്നായിണക്കി മിനുങ്ങിനില്ക്കും,

Digitized By Kerala Sahitya Akademi

ഓമനപ്പാവകണക്കതു നല്ലോരു
കോമളവിഗ്രഹമായിരുന്നു.
തന്മൈപ്പകിട്ടിനാൽ തെല്ലു വാനിൽക്കണ്ട
വെൺമതിക്കാമ്പിനു മാററുകൂട്ടി
അമ്മുററംതാണ്ടിത്തലതാഴ്ത്തിത്തൽക്ഷണം
പുൽമാടംപൂകിയശ്ശ്യാമളാംഗം.
താനങ്ങു പിന്നൊരുകോണിലൊതുങ്ങിപ്പോയ്
സ്ഥാനങ്ങളിൽത്തൻപൊതികൾവച്ചു,
വേഗം തറവെടിപ്പാക്കിയൊരുദിക്കിൽ-
ത്തീകൂട്ടി തുണ്ടുവിറകുകളാൽ
ചട്ടറെറഴും ജ്വാലപൊങ്ങി വിളക്കായ-
ങ്ങൊട്ടൊട്ടിരുട്ടകൾനീക്കിനിന്നു.
ചുട്ടുതുടങ്ങിപ്പൊതിയഴിച്ചക്കനൽ-
ക്കട്ടയിൽക്കായും കിഴങ്ങുമയാൾ.

ഒന്നുതിരിഞ്ഞുടനൽകമാം നോട്ടത്താൽ
നന്ദിയവനു പറഞ്ഞുപിന്നെ
"ഇന്നിത്രവൈകുവാനെന്തെ"ന്നു ചോദിച്ചു
മന്ദസ്വരത്തിലമ്മാനിനിയാൾ.
''ഇല്ല വൈകീട്ടില്ലയിന്നേറെയെന്നാലും
തെല്ലടിയൻ താമസിച്ചുപോയി.
കാരണം സാരമുള്ളോന്നല്ല വേണ്ടുകിൽ
നേരം കഴിപ്പാനുണത്താമല്ലോ.
ഇങ്ങോട്ടുപോരുംവഴി വടക്കേക്കുന്നി-
ന്നങ്ങേച്ചരിവിൽ വയലരികിൽ
ഓമനയായോരിലവുണ്ടു പൂത്തിട്ടു
താമരപ്പൊയ്കയതിൻ കരയിൽ;

Digitized By Kerala Sahitya Akademi

അന്തിക്കതങ്ങൊരു ചെമ്മുകിൽപോലവേ
ചന്തംകലൎന്നു വിളങ്ങിടുന്നു.
അന്തികച്ഛായതിൻഛായയാൽ പൊയ്കയിൽ
ചെന്താമരകൾ വിടൎന്നിടുന്നു.
അക്കാഴ്ചകണ്ടു പകച്ചൊട്ടുനിന്നുടൻ
പുക്കേൻ ചെറുമനപ്പൊയ്കതന്നിൽ,
മുററാത്തതണ്ടാരിലയുമതിൽക്കണ്ടൊ-
രൊററപ്പൂമൊട്ടും പറിച്ചു പോന്നേൻ.''
എന്നുപറഞ്ഞവൻ കയ്യിലെടുത്തിത-
ച്ചെന്നളിനത്തിൻ ചെറുമുകളം
അന്നേരം തീകാളിക്കുത്തീ ചെറുമനെ
സുന്ദരി സൂക്ഷിച്ചൊന്നാകെനോക്കി
കൊണ്ടുചെന്നപ്പൂവവൾക്കൎപ്പിപ്പാനവൻ
മണ്ടിയെഴുന്നേല്പാനുദ്യമിച്ചാൻ.
''വേണ്ടയിരിക്ക നീയല്പം'' എന്നോമലാ-
ളിണ്ടലിയന്നുടൻ ചൊല്ലിക്കൊണ്ടാൾ.

ചാരുചികുരവും ചാഞ്ഞവാൎചില്ലിയും
ചഞ്ചൊത്തുനീണ്ടഴകാൎന്നകണ്ണും
ആരോമൽക്കാൎമൃദുരോമംമുളച്ചേറെ-
യഞ്ചിതമായ കവിൾത്തടവും
ഇന്ദീവരാഭയുമാന്നോരവങ്കലാ-
സ്സന്ദൎഭത്തിങ്കൽ സരസതയാൽ
സുന്ദരി പൂങ്കണ്ണകൈക്കൊണ്ടുനിൽക്കുന്ന-
കന്ദൎപ്പദേവനെക്കാൺകയാവാം.

വൎണ്ണാഭിമാനികളാകുമാൎക്കും തൻ
വൎണ്ണ്യനാം സൌന്ദൎയ്യമൂൎത്തിയാകും

Digitized By Kerala Sahitya Akademi

അബ്ജോജസായകനെന്തുവാനഞ്ജന-
വർണ്ണനായ്-നാമറിഞ്ഞീല-പോട്ടെ
വെപ്പാൻതുടങ്ങിനാൻ മുമ്പിലപ്പൂവവ-
നപ്പോഠം കൈകൊണ്ടവഠം വാങ്ങിക്കൊണ്ടാഠം.
സന്തുഷ്ടിയോതുവാൻ വാക്കുകിട്ടാഞ്ഞവഠം
ചിന്തിച്ചു മൌനംഭജിച്ചിരുന്നാഠം.
പോയവൻ വീണ്ടുമബ്ഭോജ്യംചുട്ടന്നൊരു
തീയിൽത്താൻശ്രദ്ധിച്ചാൻ മുന്നേപ്പോലെ.
ആയതമായൊരുവീർപ്പിട്ടു പിന്നെയ-
ത്തോയജനേത്ര തിരിഞ്ഞിരുന്നു.
അത്തരുണൻതന്നെ നോക്കിനാഠം ചിന്തയാ-
ന്നിത്തരം മെല്ലെ മെല്ലെപ്പറഞ്ഞാഠം
"കാലമൊട്ടേറെയായല്ലോയെനിക്കായി
വേലചെയ്യുന്നു നീ ഹന്ത! ചാത്താ
ഹേമന്തകാലംകഴിഞ്ഞു കുളങ്ങളിൽ
താമരപ്പൂത്തുതുടങ്ങിയല്ലോ!
മാപ്പിളമാരുടെ മുഷ്കമിപ്പോളത്ര-
കേഠംപ്പാനില്ലല്ലോ യെനിക്കുനാളെ
അങ്ങനീകണ്ടൊരു പൊയ്കയിൽപോയൊന്നു
മുങ്ങിക്കളിപ്പാൻ വിരോധമുണ്ടോ?''

കൊള്ളക്കാർ മിക്കതും ചത്തു ശേഷം ചില-
രെല്ലാ * മിരുമ്പുകഠം താഴെവെച്ചു
പട്ടാളവും തോക്കുമൊക്കെ + മലപ്പുറം
വിട്ടുതുടങ്ങിപ്പോയെമ്പിരാട്ടി.

* ആയുധങ്ങഠംക്കു താഴ്ന്നഭാഷയിൽ അങ്ങനെ പറയും. + പ്രധാനമായി ലഹളനടന്നസ്ഥലം.

Digitized By Kerala Sahitya Akademi

അങ്ങനെയൊക്കെയായാലും തിരുമേനി-
യങ്ങുപോയിപ്പോൾ കുളിച്ചുകൂടാ.
തേക്കൊട്ടയൊന്നു നിറച്ചുതണ്ണീർ ചാത്തൻ
തൂക്കിവരാം നാളെയന്തിയായാൽ
വേലയടിയൻ തിരുമേനിക്കായെത്ര
കാലവും ചെയ്യാനൊരുക്കമല്ലോ.
ഒട്ടുനാൾകൂടിക്കഴിഞ്ഞാൽ മടങ്ങിയ-
ങ്ങിഷ്ടമുള്ളേടത്തും പോകാമല്ലോ."

"എന്നെയറിയാതെ ചൊല്ലുകയാം ചാത്ത!
പിന്നെയും പിന്നെയുമിമ്മൊഴി നീ
ഞാനിനിയിട്ടിക്കവിട്ടുപോകുന്നില്ല
മാനസം മറെറാന്നിൽ ചെല്ലുന്നില്ല.
നീളെനടക്കാനും കോഴിക്കോട്ടേ * ധർമ്മ
പ്പാളയം പൂകാനുമിഷ്ടമില്ല,
കൂലിപ്പണികൾ പഠിപ്പിക്ക നീയെന്നെ-
ച്ചാലേ കഴിവനിച്ചാളയിൽ ഞാൻ
കേഴവൻ നീയതു കേളായ്കിലിന്നു ഞാൻ
പാഴായ് പറയുകയല്ല ചാത്താ.
വീഴുന്നപണ്ടം ഘനമുള്ളതാമതു
താഴെയടിഞ്ഞാലേ സ്വസ്ഥിതേട്ടു."

"ഇങ്ങനെചൊല്ലിയാൽ ചാത്തൻ കുഴങ്ങിപ്പോം
മങ്ങിപ്പോം ബുദ്ധിയും സങ്കടത്താൽ.
എങ്ങനെ കൽപ്പിച്ചാൽ കേൾക്കാതിരിക്കമി-
തെങ്ങനെ താൻകേൾക്കും കാര്യമോർത്താൽ

* Relief Camp (റിലീഫ് ക്യാമ്പ്)

Digitized By Kerala Sahitya Akademi

കുപ്പയിൽപൊന്നിൻപൊടിപോലെയെമ്പ്രാട്ടി,
യിപ്പുലച്ചാളയിൽ മേവിയാലും,
കണ്ടാലറിയും കുശുമ്പുള്ളമേലാള -
രിണ്ടലതുമൂലം വന്നുചേരും."

"വേഷംപകന്നു നടന്നുകൊള്ളാം ഞാനെൻ -
ഭാഷസൂക്ഷിച്ചുപറഞ്ഞുകൊള്ളാം
ചെററ കറത്തമെയ്യേറെക്കറുക്കുവാൻ
മുററം വെയിലിൽ പണിയെടുക്കാം.
പച്ചിലപ്പാമ്പിനെപ്പച്ചച്ചെടിമേലും
പുൽച്ചാട്ടാനെപ്പുൽത്തകിടിമേലും
മെച്ചമായ് നിർമ്മിച്ച കൈയെൻറസ്രഷ്ടിയും
നിശ്ചയിച്ചിങ്ങനെ ചെയ്തതാവാം.
സമ്മതിച്ചീടുകയെന്നെച്ചെറമിയ -
യിമ്മാടത്തിൽതാൻ കഴിഞ്ഞുകൂടാൻ
നമ്മെയിമ്മട്ടിലിണക്കിയോരീശ്വരൻ
നന്മവരുത്തും നമുക്കു ചാത്താ."

ചുട്ടുവെടിപ്പാക്കിയങ്ങുടൻ ശംഖൊത്ത -
ചട്ടററ നന്മധുരക്കിഴങ്ങും
ഒട്ടുപഴപ്പായ നേന്ത്രക്കായും ചാത്തൻ
ചിട്ടയായ് തോലുകളൊന്നൊതുക്കി
തണ്ടാർദളത്തുമരതകത്താലത്തിൽ
കൊണ്ടുചെന്നമ്പോടു മുമ്പിൽവെച്ചാൻ -
കുത്തിലയൊന്നിൽ കുളുത്തുപളുങ്കുപോൽ
ശുദ്ധിതേടുന്ന ജലവുമായി.

എത്തിയവൻവീണ്ടുമങ്ങെരികൊള്ളികൾ
കത്തിജ്ജ്വലിപ്പിച്ചുകൊണ്ടിരുന്നു.

Digitized By Kerala Sahitya Akademi

ഹസ്തതാർപിന്നെക്കഴകിയാ ഹൃദ്യമാ-
മത്താഴമമ്പിലവറം കഴിച്ചു
ഉപ്പേരിയും പായസവും പ്രഥമനും
ചൊല്ലൊങ്ങും മററ വിഭവങ്ങളും
ഉറപ്പെട്ടം സദ്യയേക്കാളുമാസ്വാദ്യമാ-
യുറപ്പുവിൽ തോന്നിയവറക്കതെല്ലാം
തന്നുടെ ഭോജനവും കഴിഞ്ഞക്ഷണം
പിന്നെയവൻവന്നിലയെടുത്തു,
എച്ചിൽതളിച്ചകന്നാൻ; ക്ഷാളനംചെയ്തു
സ്വച്ഛമായ് വീണ്ടുമവളിരുന്നാറ.
സ്വന്തമൊഴിക്ക മററപടി ചാത്തൻെറ-
യന്തരംഗത്തിൽതാൻ തേടുമ്പോലെ,
ചെന്താമരമൊട്ടെട്ടത്തിതളരോന്ന
ചന്തത്തിൽനള്ളിവികസിപ്പിച്ചാറ.
മൌനമവൻ വിട്ടിടായ്കയാൽ പിന്നെയ-
മ്മാനിനിമാർമണി ക്രട്ടിൽനോക്കി
''മൈനയുറങ്ങുന്ന പാവം'' എന്നോതിനാറ
താനേയവനോട്ട വീണ്ടും ചൊന്നാറ
"ഒററയായിങ്ങ തടവിരിക്കമെ-
ന്നററതോഴിക്ക തുണയിരിപ്പാൻ
മററൊന്നിനെ-യൊരാൺമൈനയെക്കൂടി നീ
തെററാതെകൊണ്ടുവരുമോ ചാത്ത?
അല്ലെങ്കിൽ വിട്ടകളയുവൻ പാവത്തെ-
യല്ലൽതോന്നാറണ്ടു കാണ്കിൽ" എന്നാറ.
"ചൊല്ലരുതിമ്മട്ടടിയനെമ്പ്രാട്ടിതൻ
ചൊല്ലുതാൻ ചട്ടമാണെ"ന്നാൻ ചാത്തൻ.

Digitized By Kerala Sahitya Akademi

"എന്നാൽ ക്ഷമിക്ക പറഞ്ഞതല്ലെങ്കിൽ ഞാ-
നൊന്നുകൂടിപ്പറയുന്നു കേൾക്ക.
എമ്പ്രാട്ടിയെന്നുമടിയനെന്നും മററ-
മെമ്പ്രിയനാം നീ മൊഴിവതെല്ലാം
ഇമ്പമേകാതായ്ചെവിക്കതു ഞാനൊട്ടു
മുമ്പേ പറയാറുണ്ടല്ലോ ചാത്താ"?
''അല്ലാ കുഴഞ്ഞിയിവിടത്തെയെന്തിനി-
ച്ചൊല്ലിവിളിക്കുമെളിയോനിവൻ?
ചൊല്ലിത്തരികെ''ന്നുടൻ ചിരിച്ചുംനെഞ്ചിൽ
വല്ലായ്മയാർന്നുമവൻ പറഞ്ഞാൻ.
'സാവിത്രി'യെന്നെന്നെ നിശ്ശങ്കമെൻ ചാത്ത,
നീ വിളിക്കയതാണെൻെറ നാമം
ആവിധമെന്നെ വിളിച്ചോരിരുവരും
ദ്യോവിലായ് നീയക്കുറവുതീർക്ക."
എന്നോതി നീർചാട്ടം കണ്ണാന്നുമുഖം
തന്വി തുകിൽകൊണ്ടുടൻ മറച്ചാൾ.
തന്നുള്ളിൽ സ്നേഹാനുകമ്പകൾ തിങ്ങിയൊ-
ട്ടൊന്നുമേ മിണ്ടാതവനിരുന്നാൻ.
പിന്നെ മൊഴികു പഴതേകുവാനവ-
നന്നിയലിഞ്ഞവളോടുചൊന്നാൻ.
''പാരംസുഖമാണു കേൾപ്പാനവിടത്തെ
പേരിവനോതാൻ പണിയെന്നാലും
തീരെയറിവറേറാരിമ്മാട്ടിനപ്പേരിൻ
സാരമെന്തെന്നുമറിഞ്ഞുകൂടാ.
വല്ലതുംകാരണമുണ്ടായിരിക്കുമോ
നല്ലൊരാവാക്കു തിരഞ്ഞെടുപ്പാൻ?

Digitized By Kerala Sahitya Akademi

ചൊല്ലുന്നേ വേറവിരോധമില്ലെങ്കിലു-
മല്ലലില്ലെങ്കിലുമങ്ങലിവാൽ.''
സമ്മോദമാർന്നിതു കേട്ട തിരിഞ്ഞവൾ
സമ്മുഖിയായവനോടുചൊന്നാൾ:-
"ഉണ്മനീയുള്ളിലറിഞ്ഞുകൊണ്ടിങ്ങനെ
ചുമ്മാചോദിക്കുകയാണോ ചാതാ?
അമ്മാതിരിയല്ലോ നിൻചോദ്യമജ്ഞനാം
നിന്മതിചാതുര്യം ചിത്രമത്രേ!
ഭാരതത്തിങ്കൽ പതിവ്രതമാരായ
നാരീമണികളെവൎണ്ണിച്ചോതും
ചാരുതരമാം കഥകളിലൊന്നിൻെറ
സാരം ചുരുക്കിനിന്നോടു ചൊല്ലാം:-
'പണ്ടു വടക്കൊരുദിക്കിലൊരു നൃപ-
നുണ്ടായിരുന്നു മകളൊരുത്തി,
കണ്ടുപരിചയമായവളേകനെ
മണ്ടിനടന്നവനത്തിലൊന്നിൽ,
നിശ്ചയിച്ചു പിന്നവനെ വേൾപ്പാനവ-
ളുച്ചൈന്നഭിമതമായില്ലേതും.
കൊല്ലമൊന്നുള്ളിൽ മരിക്കുമവനെന്നു
ചൊല്ലിയിരുന്നിതു ദിവ്യനേകൻ.
തൎക്കം പിതാവുപറയുവാനെത്രയും
മുഖ്യമാം ഹേതുവതായിരുന്നു.
ഉള്ളാൽവരിച്ചുകഴിഞ്ഞ പുരുഷനെ-
ത്തള്ളാൻ പണിയെന്നവളുമോതി
പിന്നെ-മകളുടെ നിർബന്ധം കാൺകയാൽ
മന്നവൻ സമ്മതിക്കേണ്ടിവന്നു.

Digitized By Kerala Sahitya Akademi

കാട്ടിൽ മുനിസുതനാമവനെത്തന്നെ
വേട്ടവരം താപസിയായ് വസിച്ചു.
പോയിതൊരുനാരം വിറകുവെട്ടാനവ -
നായതമായോരടുത്തകാട്ടിൽ.
അന്നു മുൻചൊല്ലോത്താകമേഭയമാന്നു
ചെന്നിതുക്രൂടിത്തുണയ്ക്കവളും.
തെററന്നവൻ മഴവേന്തിയൊരുമര -
കുററി മുറിച്ചു പിളൎന്നുനിന്നു.
ചെററടുത്തങ്ങൊരു പൂമരത്തിൻനിഴൽ -
പററിയൊരേടത്തവളിരുന്നു.
കാണികഴിഞ്ഞു തലചുഴന്നങ്ങഹോ
വീണിതു പാവമവൻ നിലത്തിൽ.
കേണുകൊണ്ടോടിയവളണഞ്ഞുതൻ -
പ്രാണപ്രിയനെച്ചുമലിലേന്തി,
ചെന്നുതണലത്തിരുന്നു കണവനെ
തന്നംഗിതൻ മടിയിൽ കിടത്തി.
ആലസ്യമാറാൻ തലോടിമുഖമവരം
ചേലത്തലകൊണ്ടു മെല്ലെ വീശി.
നീട്ടുന്നതെന്തിനു വീൎപ്പുനിന്നു കണ്ണു
പൂട്ടിയസ്സാധു മരിച്ചുപോയി.
വിണ്ണിൽ തുറിച്ചവരംനോക്കി നിരാശയായ്
കണ്ണീർതടയും മിഴികളാലെ.
"കണ്ണായിതപ്പോളവരംക്കു ഭത്താവുതൻ -
പ്രാണനെക്കെട്ടുവാൻ പോത്തിലേറി
മുന്നിൽ കയറാർന്നടുക്കുന്ന മൃത്യുവേ
മിന്നൽപിണരാന്നു കൊണ്ടപോലെ

Digitized By Kerala Sahitya Akademi

ഏന്ദ്രിയൻതന്നെ ഹരിക്കുന്നദേവ, നീ-
യമ്പിലെന്നെക്കൂടി കൊണ്ടുപോണേ."
വെമ്പിയിവണ്ണമിരന്നവൾ മൃത്യുവിൻ
പിമ്പേതുടർന്നിതു വിണ്ണിലേറി.
ശേഷിച്ചിരുന്നിതവൾക്കായുസ്സാകയാൽ
ശേഷിയില്ലാതെയായ് കൊണ്ടുപോവാൻ
മാററിനിത്താനും പണിയായിവന്നവൾ
നോററവ്രതങ്ങൾ തൻപ്രാഭവത്താൽ.
ദൂരദൂരംപോയ് ഭഗവാൻയമനവൾ
തീരെയകന്നില്ല 'പിന്നെദേവൻ
ചാരിത്ര്യവും ദൈവഭക്തിയും കണ്ടവൾ-
ക്കോരോവരങ്ങൾ കനിഞ്ഞുനൽകി;
'പുത്രരുണ്ടാം നിനക്കെന്നു'മൊരുവരം
ചിത്രമലിഞ്ഞവൾക്കേകി കാലൻ
സാധ്വിയായിട്ടും വിധവയ്ക്കു സന്തതി
സാധ്യമല്ലെന്നുള്ളതോർത്തിടാതെ.
"എന്തുരപ്പൂ പിന്നവനെത്തിരിച്ചവൾ-
ക്കന്തകൻ നൽകിമടങ്ങിപ്പോയി
ഹന്ത! മരിച്ചവൻ ജീവിച്ചെഴുന്നേററ
സന്തോഷവുമായി രണ്ടുപേരും.
ഖിന്നതയച്ഛനുതീർന്നു ശ്വശുരനും
സന്നമാംരാജ്യം തിരിച്ചുകിട്ടി.
പിന്നെസ്സുഖിച്ചവർ വാണു ചിരമവൻ
മന്നവനായവൾ റാണിയായി.
നീ വിസ്മയാനന്ദമഗ്നനായ് കേൾക്കുകീ-
പ്പാവനവൃത്തത്താൽ ഖ്യാതിതേടും

Digitized By Kerala Sahitya Akademi

ആ വന്ദ്യയാളുടേതത്രേ നീ ചോദിച്ച
സാവിത്രിയെന്ന മധുരനാമം."
സ്തംഭിച്ചപോലൊട്ടുനിന്നുപോയ് ചാത്തനോ-
ടമ്പോടനവൾ വീണ്ടും ചൊന്നാൾ:-
"എന്തിനു കേട്ടു പകച്ചു നില്ക്കുന്നു നീ-
യന്തിക്കെഴുതിത്തുടങ്ങിക്കൊള്ളു
എന്തെല്ലാം നാമറിയേണ്ടതായിങ്ങനെ
ഗ്രന്ഥങ്ങളിലുണ്ടെഴുത്തറിഞ്ഞാൽ,
സ്വന്തമായ് വായിച്ചറിയാം പഠിക്കാഞ്ഞാൽ
പന്തിയാവില്ലിനിക്കേട്ടോ ചാത്താ."
മിണ്ടാതിരുന്നു പിന്നൊട്ടവൻ ചിന്തിച്ചു-
കൊണ്ടുചോദിച്ചിതു മന്ദമായി.
"കൊണ്ടാട്ടമപ്പെണ്ണുപോലിപ്പോൾ പെണ്ണുങ്ങ-
ളുണ്ടായിരിക്കുമോയെങ്ങെന്നാലും."
ചൊല്ലിനാൾ പുഞ്ചിരിപൂണ്ടവൾ "ഇന്നെങ്ങു-
മില്ലിതുപോലാരുമെങ്കിലും കേൾ;
നല്ലാർജനങ്ങൾതന്നുൾത്താരിലിപ്പോഴു-
മില്ലാതായിട്ടില്ലാവാസനകൾ.
നേരമധികമായ് മഞ്ഞുപൊഴിഞ്ഞുടൻ
മാരുതൻ വീശി കുളുർമയോട്ടും
നാരീമണിപോയ് നോക്കിനിന്നു ചന്ദ്ര-
കോരകമസ്തമിച്ചോരു വിണ്ണിൽ.
മാനത്തിൽ നോക്കുന്നതെന്തെന്നുടൻ ചാത്തൻ
മാനിച്ചുചോദിച്ചു കൗതുകത്താൽ
സ്ഥാനത്തു വീണ്ടുമവൾ വന്നിരുന്നുടൻ
സാനുരാഗം മൃദുവായ് പറഞ്ഞു

Digitized By Kerala Sahitya Akademi

"ചോലയിൽ ചിററാമ്പൽ പൂനിരപോലെയീ
നീലവിണ്ണിൽകാണും നക്ഷത്രങ്ങൾ
ചാലേപഠിച്ചോക്കു താളിലുള്ളക്ഷര-
ജാലങ്ങൾപോലെ വായിക്കാമല്ലോ.
എന്തെൻപ്രിയമേലും ചാത്താ പഠിക്കില്ലേ
ചിന്തിച്ചുചൊൽകയെഴുതിക്കാം ഞാൻ."
എന്നാ കനിഞ്ഞവൾ പിന്നെയും ചോദിച്ചാ-
ളൊന്നവൻ താണുതൊഴുതു ചൊന്നാൻ.
"എന്തുമവിടന്നു കല്പിക്കുമ്പോലെയോ-
രന്തരമില്ലിവൻ ചെയ്യുമല്ലോ
എന്നിൽ കനിവിത്രയേലുമവിടന്നെൻ
മുന്നിൽ വന്നെത്തിയ ദൈവമല്ലോ."
"ഹന്ത! നീയങ്ങനെ ചൊല്ലരുതോക്ക ഞാൻ
ചിന്തിച്ചിട്ടുന്നു മറിച്ചു ചാത്താ.
എന്നെ രക്ഷിക്കുവാനെത്തിയിച്ചോലയിൽ
സന്നിധാനംചെയ്യുമെൻ ദൈവം നീ."

എന്നവൾ ചൊല്ലവേ ക്രൂരാലകംതിങ്ങി
യൊന്നവൻ തേങ്ങിക്കരഞ്ഞുപോയാൻ
പെട്ടെന്നു പിന്നെത്തിരിഞ്ഞു മുഖം കഴൽ-
മുട്ടാൽമറച്ചു കുനിഞ്ഞിരുന്നാൻ.
"എന്തു നീ ചെയ്യുന്നു ചൊൽകെ"ന്നവൾതാനും
പിന്തിരി "ഞെത്താന്നുമില്ലെ"ന്നവനും
തങ്ങളിൽ കാണാതലിഞ്ഞോതി പിന്നെത്തീ
മങ്ങിയിരുട്ടു പരക്കയാലേ.
ചാരത്തു പിന്നൊരു കോണുതുടച്ചങ്ങു
ചാരിയിരുന്നിട്ടു മെല്ലെച്ചാത്തൻ

Digitized By Kerala Sahitya Akademi

"നേരമധികമായിന്നെന്തവിടുന്നു
തീരെയുറങ്ങുന്നില്ലല്ലോ." യെന്നാൻ.
"ഇല്ല വരുന്നില്ലുറക്കെനിക്കെന്നല്ല
തെല്ലേറെയുണ്ടിന്നു ശീതംതാനും.
ചൊല്ലുക നീയിത്തണുത്തു വെറുംനില-
ത്താല്ലേ ശയിക്കുന്നതിന്നും ചാത്താ?
ഇല്ല നിനക്കു പുതപ്പാൻതുണി, വിറ-
കില്ലാതെ തീയും കെടുന്നുവല്ലോ.
വല്ലായ്മയുള്ളിലതോർത്തേറിടുന്നതു
ചൊല്ലാവതല്ലെ"ന്നവളുരച്ചാൾ.

"സാരമില്ലൻപുടയാളെ, യിവനതു
സാരമല്ലിത്തണുപ്പുമുറങ്ങാം,"
"നേരാണിവൻ ചൊൽവതല്ലൽതേടീടൊല്ലാ
നേരമധികമായങ്ങുറങ്ങാം."

"പോരായതെൻെറ പ്രിയ ചാത്താ"യെന്നവൾ
ചാരത്തെഴുന്നേററുചെന്നു ചൊന്നാൾ

"പാരമിങ്ങുണ്ടുതാൻ ശൈത്യമല്ലെങ്കിലും-
ന്താരിലെനിക്കുള്ളപേക്ഷ കേൾനീ.
താന്നെനിക്കായൊരു തുണ്ടുപായിങ്ങു ഞാൻ
വന്നനാൾ നീയെന്നെസ്സൽക്കരിച്ചു.
ഇന്നതിൻപാതിയിൽ നിന്നെ ക്ഷണിക്കുന്നേൻ
വന്നേൽക്കണേയെന്നെളിയദാനം.
എന്നു പറഞ്ഞവൾ തൻകരപ്പൂവല്ലി-
തന്നാലവൻെറ കരം പിടിച്ചാൾ
ഒന്നുരണ്ടശ്രുകണങ്ങളവൻകണ്ണിൽ-
നിന്നതിലേററു രോമാഞ്ചമാന്നാൾ

Digitized By Kerala Sahitya Akademi

ഈയക്കോൽപോലെ തണുത്ത വിരലേലും
പ്രേയാൻറെ കൈയേന്തിപ്പേലവാംഗി
തിട്ടെ വലംവച്ചവനെ നയിച്ചു തൻ-
പായിൽ ശയിപ്പിച്ചു താൻശയിച്ചാൾ.
ഊതി കളിർകാററ, മങ്ങി കനൽമിന്നും
'ജാതവേദസ്സ്' മിഴിയടച്ചു.
ജാതീർഷ്യയാലോ ഗുണമോത്തിവരില്ല-
ള്ളൗദാര്യത്താലോ പണി പറവാൻ
സഞ്ജാതസന്തോഷം വർഷിച്ചു വാനവർ
മഞ്ജുതുംഗക്കണ്ണനീർ മാടത്തിന്മേൽ.
വിണ്ണിലുള്ളോരുടെ വാർമിഴി മൂടമോ
മണ്ണിലെജ്ജാതി പൊടിയെറിഞ്ഞാൽ,

തുംഗതയേവമാകാശത്തിനായ് ഗിരി-
ശൃംഗങ്ങളിൽ ഭൂമി കൈനീട്ടുന്നു.
കുന്നിൻചരുവുകളിൽ വനവൃക്ഷത്തെ-
ച്ചെന്നു മുകിൽമാല ചുംബിക്കുന്നു.
എന്നല്ലയുപ്പേലമഞ്ജിയെപ്പുൽകുന്നു
നന്ദി മേളിച്ചഴിമുഖത്തിൽ,
മന്ദമർത്ത്യാ, നീ തടുക്കായ്കയീശ്രേഷ്ഠാ
സുന്ദരമാമിസ്സമാഗമങ്ങൾ.
ഉദ്യാനപാലകരേ ഭവാന്മാരുണ്ണ-
ന്നുദ്യമിപ്പിൻ പുഷ്പകാലമായി.
ഉച്ചാവചങ്ങളാമോമൽസുമങ്ങളാൽ
മെച്ചമേറീടുമീയാരാമത്തിൽ
ദേവൻ വനമാലിക്കാനന്ദമേകാത്ത
പൂവൊന്നുമില്ലെന്നതോർത്തുകൊൾവിൻ.

Digitized By Kerala Sahitya Akademi

എല്ലാസ്സമവുമവൻെറയിച്ഛയെയ്ക്കാത്തു
മെല്ലെവളൎന്നു തൻപൂൎണ്ണതയിൽ
ചൊല്ലാനഴകയാണഗ്ഗതിയാരും
തല്ലിനിൎത്താതെ സൂക്ഷിച്ചുകൊൾവിൻ.
ഭവ്യമാം തെന്നലും ഭാനുമരീചിയും
ദിവ്യമാം തൂമഴനീരും നിത്യം
നവ്യരസമാൎന്നു നൽകുന്നല്ലോയിവ-
യ്ക്കൂവ്യത്യയം ദേവനൊന്നുപോലെ.
എല്ലാംവിടൎന്നു പരിമളം തൂവട്ടേ-
യല്ലാം ചിതറട്ടേ വൎണ്ണശോഭ.
എല്ലാമിതളുകൾ നീട്ടിവലിപ്പമ-
ന്നുല്ലാഘഭാവമിയന്നിടട്ടേ
തമ്മിൽ കലൎന്നാൽ ഗുണമേറും പൂക്കളെ
സമ്മേളിപ്പിപ്പിൻ സരസമായി.
സമ്മോദമാമതദ്ദേവനായാശ്ചൎയ്യ-
നിൎമ്മാപകൻെറ നയമതല്ലോ
സമ്മർദ്ദമാൎന്നു നശിക്കാതെ രക്ഷിപ്പിൻ
ദുൎമ്മത്സരം ദ്വേഷമാദിയായ
മൎമ്മംകരളും ഹൃദയകീടങ്ങളെ
നിർമ്മൂലനം ചെയ്യാൻ നിഷ്കൎഷിപ്പിൻ.
സ്നേഹത്താൽ നിത്യം തടംനനപ്പിൻദയ-
ദോഹളം നൽകുവിൻ പൂവിനെല്ലാം.
സാഹസമററ കാലോചിതധൎമ്മമാം
മോഹനപ്പൊൻനൂലാൽ വേലികെട്ടിൻ.
ഇങ്ങനെ നിങ്ങൾ വളൎത്തുമീപ്പൂവനം
തിങ്ങും ഗുണങ്ങൾതൻ ധാടിയാലെ
നന്ദനത്തിൽ മെച്ചംനേടും പരമഭി-
നന്ദിക്കും കണ്ടതു ദേവദേവൻ.

Digitized By Kerala Sahitya Akademi

പൂജ്യരാം വൈദികന്മാരെ! തുനിഞ്ഞിവൻ
ത്യാജ്യമല്ലെങ്കിലുമൊന്നോതുന്നേൻ
രാജ്യത്തെയോൎത്തും മതത്തെയോൎത്തുംപിന്നെ
പ്രാജ്യരാം നിങ്ങളെത്തന്നെയോൎത്തും!
കാലംവൈകിപ്പോയി, കേവലമാചാര-
ന്ത്വലുകളെല്ലാം പഴകിപ്പോയി.
കെട്ടിനിറുത്താൻ കഴിയാതെ ദുൎബ്ബല-
പ്പെട്ട ചരടിൽ ജനതനിൽക്കാ.
മാററുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാററുമതുകളീനിങ്ങളെത്താൻ.
മാറെറാലികൊണ്ടീമൊഴിതന്നെ സർവദാ
കാററിരമ്പുന്നിന്നു കേരളത്തിൽ.
നാലുപാടും നിന്നതുതന്നെ ചൊല്ലുന്നു.
കാലവും നിങ്ങളിന്നുന്നിനില്ക്കും
കാലിന്നടിയിലുമസ്വസ്ഥതയുടെ
കോലാഹലങ്ങൾ മുഴങ്ങിടുന്നു.
ജോലിത്തിരക്കുകൾമൂലവും സേവക-
ജാലങ്ങൾതൻ സ്തുതിഘോഷംകൊണ്ടും
ആലോചിയാതവന്മാരൊന്നുമീവക-
യാലാപംതന്നെ ചെവിയിലെത്താ-
ഈ “ദുരവസ്ഥ”യിലുള്ളിൽ വികാരങ്ങ-
ളുദ്വേലഭാവമിയന്നുരയ്ക്കും
മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കി-
ലുദ്ദേശശുദ്ധിയാൽ മാപ്പുനൽകിൻ.
അല്പംകനിഞ്ഞു ചിന്തിക്കുവിൻ പൂജ്യരേ-
യിപ്പാവം ചൊന്നതിരന്നീടുന്നേൻ
ഇപ്പാഴ്പാട്ടാമെളിയവിജ്ഞാപനം
ത്വല്പാടുവച്ചു വണങ്ങീടുന്നേൻ.

ശുഭം.

Digitized By Kerala Sahitya Akademi

# വില്പാൻ തയ്യാർ

ൻ. കുമാരൻ ആശാൻ അവർകളുടെ കൃതികൾ

| | ക. | ന.പ. |
|---|---|---|
| ദ്യകൃതികൾ 1-ാംഭാഗം | 6 | 50 |
| ,, 2-ാംഭാഗം | 6 | 00 |
| ,, 3-ാംഭാഗം | 4 | 50 |
| —നളിനി (നോട്ടോടു കൂടിയതു്) | 1 | 00 |
| ല | 1 | 00 |
| ഖണ്ഡകൃതികൾ | 0 | 37 |
| ബുദ്ധചരിതം കിളിപ്പാട്ടു്— | | |
| രഞ്ചു കാണ്ഡങ്ങളും കൂടിയതു് | 3 | 00 |
| ിൽ | 0 | 19 |
| ാദനം | 1 | 00 |
| ാവിഷ്ടയായ സീത | 1 | 00 |
| ലരാമായണം ബാലകാണ്ഡം | 0 | 37 |
| ടി അയോദ്ധ്യാകാണ്ഡം | 0 | 37 |
| ടി ആരണ്യകാണ്ഡം | 0 | 44 |
| ടി ...കാണ്ഡങ്ങളും കൂടി | 1 | 50 |
| വാടി | 0 | 50 |
| ന്ധർ | 0 | 75 |
| ാലഭിക്ഷുകി | 0 | 75 |
| ാ | 0 | 56 |
| ാല | 0 | 50 |
| ല് | 1 | 00 |
| ്രപ്രസ്ഥാനം | 0 | 62 |
| ലിക | 0 | 50 |
| ദർല്ലഹരി (ഭാഷ) | 0 | 50 |
| ൂവിജയം | 1 | 50 |
| ധചന്ദ്രോദയം (ഭാഷാനാടകം) | 1 | 50 |
| തികൾ (നോട്ടോടുകൂടിയതു്) | 1 | 25 |

P. T. O.

Digitized By Kerala Sahitya Akademi

## വില്പ്പാൻ

രൂ. (

| | |
|---|---|
| ഗദ്യം:—രാജയോഗം സംപൂൎണ്ണം | 3 |
| മൈത്രേയി | 0 |
| മനശ്ശക്തി | 0 |
| നിരൂപണങ്ങൾ | 0 |
| മതപരിവൎത്തനരസവാ( | 0 |
| ദൈവീകമായ പ്രതിക: | 0 |

### ഇതരകൃ(

ശ്രീ. കെ. അയ്യപ്പന്റെ( ꞏꞏꞏ ꞏം 2

വസുമതി (ശ്രീ. മൂക്കേ: ꞏꞏꞏ അവർക

ം എഴുതിയ രസകര ꞏꞏꞏ ാവൽ 1

### ആശാൻ

മഹാകവിയുടെ ꞏꞏരമവ: ꞏꞏꞏ ംബന്ധിച്ച്

പ്രസിദ്ധ

### ഒരു സ്മാ( ꞏꞏꞏ ം

കേരളത്തിലെ പ്രശസ്ത ꞏꞏꞏ ാരന്മാർ ഈ

സ്മരണസാഹിത ꞏꞏꞏ ꞏക്കുന്നു.

ആദ്യവാല്യത്തിൽ, ꞏꞏꞏ ഗോപാലപിള്ള,

ഏ. ബാലകൃഷ്ണപിള്ള, ꞏꞏꞏ ാരാരു്, അപ്പ(

നാലാങ്കൽ ꞏꞏꞏ രും.

ഒന്നാം വാല ꞏꞏꞏ 2രൂ.

*Address must be wri* ꞏꞏꞏ *AL LETTERS.*

മാനേജർ — ꞏꞏꞏ ഡിപ്പോ

ꞏ തേ: ꞏꞏꞏ ാ.

Digitized By Kerala Sahitya Akademi

Digitized By